www.societytodaynews.com

2024 SEPTEMBER
24
TUESDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ആദ്യം അപേക്ഷിക്കുന്നവർക്ക് ആദ്യം സേവനം; ജനപ്രിയ നടപടികളുമായി മോട്ടർ വാഹന വകുപ്പ്



**തിരുവനന്തപുരം:** ആദ്യം അപേക്ഷിക്കുന്നവർക്ക് ആദ്യം സേവനം എന്ന തരത്തിൽ ജനപ്രിയ നടപടികളുമായി മോട്ടർ വാഹന വകുപ്പ്. അപേക്ഷകൾ ഇനി ക്യൂ അനുസരിച്ച് സുതാര്യമായാവും സോഫ്റ്റ്‌വെയർ കൈകാര്യം ചെയ്യുക. ട്രാൻസ്പോർട് കമ്മിഷണറായി സി.എച്ച്.നാഗരാജു ചുമതലയേറ്റതിനു പിന്നാലെയാണ് ബാഹ്യ ഇടപെടലുകൾ ഒഴിവാക്കി ഫസ്റ്റ് കം ഫസ്റ്റ് സർവീസ് നടപടി കൂടുതൽ സജീവമാക്കിയിരിക്കുന്നത്.

ലേണേഴ്സ് ലൈസൻസ് പുതുക്കൽ, ഡ്യൂപ്ലിക്കേറ്റ് ലൈസൻസിനുള്ള അപേക്ഷ, ലൈസൻസിലെ വിലാസം, പേര്, ഫോട്ടോ, ജനനത്തീയതി മാറ്റൽ, ലൈസൻസിലെ ക്ലാസ് ഓഫ് വെഹിക്കിൾ സറണ്ടർ, കണ്ടക്ടർ ലൈസൻസ് പുതുക്കൽ, ഇന്റർനാഷണൽ ഡ്രൈവിങ് പെർമിറ്റ് നൽകൽ തുടങ്ങി 11 സേവനങ്ങളാണ് ഫസ്റ്റ് കം ഫസ്റ്റ് സർവീസ് സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് മോട്ടർ വാഹന വകുപ്പ് അറിയിച്ചു.

## ഫെഡറൽ ബാങ്ക്:കെ വി എസ് മണിയൻ ചുമതലയേറ്റു



**കൊച്ചി:** ഫെഡറൽ ബാങ്കിന്റെ പുതിയ മാനേജിങ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി കെ വി എസ് മണിയൻ ചുമതലയേറ്റു. പതിനാല് വർഷക്കാലം ഫെഡറൽ ബാങ്കിന്റെ സാരഥിയായിരുന്ന ശ്യാം ശ്രീനിവാസൻ വിരമിച്ച ഒഴിവിലേക്കായിരുന്നു നിയമനം. സെപ്റ്റംബർ 23 മുതൽ കെ വി എസ് മണിയന്റെ നിയമനം പ്രാബല്യത്തിൽ വന്നു.

വാരണസി ഐഐടിയിൽ നിന്ന് ഇലക്ട്രിക്കൽ എൻജിനീയറിങ് ബിരുദവും മുംബൈയിലെ ജംനാലാൽ ബജാജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ നിന്ന് ഫിനാൻഷ്യൽ മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദവും നേടിയ കെ വി എസ് മണിയൻ കോസ്റ്റ് ആന്റ് വർക്ക്സ് അക്കൗണ്ടന്റായും യോഗ്യത നേടിയിട്ടുണ്ട്.

### മാനവികതയുടെ വിജയം കൂട്ടായ ശക്തിയിൽ

# ഭീകരവാദം ലോകസമാധാനത്തിന് ഭീഷണി: നരേന്ദ്രമോദി

**ന്യൂയോർക്ക്:** സുസ്ഥിര വികസനത്തിനായി മനുഷ്യ കേന്ദ്രീകൃതമായ സമീപനത്തിന് ലോകരാജ്യങ്ങൾ മുൻഗണന നൽകണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഐക്യരാഷ്ട്ര സംഘടനയിൽ നടന്ന സമ്മിറ്റ് ഓഫ് ഫ്യൂച്ചർ ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകത്തുള്ള മനുഷ്യരാശിയുടെ ആറിലൊന്നിന്റെ ശബ്ദം കൊണ്ടുവരാൻ താൻ ഇവിടെയുണ്ടെന്നും ഇന്ത്യയിലെ 25 കോടി ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് ഉയർത്തി സുസ്ഥിര വികസനത്തിന്റെ മാതൃക തങ്ങൾ വിജയകരമായി ലോകത്തിന് കാണിച്ചുതന്നുവെന്നും മോദി പറഞ്ഞു.



മനുഷ്യത്വത്തിന്റെ വിജയം നമ്മുടെ കൂട്ടായ ശക്തിയിലാണ്, അല്ലാതെ യുദ്ധക്കളത്തിലല്ല. ലോക സമാധാനത്തിനും വികസനത്തിനും ഭീകരവാദം വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്. സൈബറിടം, ബഹിരാകാശം, കടൽ എന്നീ മേഖലകളിൽ പുതിയ ഭീഷണികൾ ഉയർന്നുവരികയാണ്.” അദ്ദേഹം കൂട്ടിച്ചേർത്തു.

‘സാങ്കേതികവിദ്യയുടെ സുരക്ഷിതവും ഉത്തരവാദിത്തമുള്ളതുമായ ഉപയോഗത്തിന്, മികച്ച നിലയിലുള്ള നിയന്ത്രണം ആവശ്യമാണ്. പരമാധികാരവും അഖണ്ഡതയും നിലനിൽക്കുന്ന അത്തരം രാജ്യാന്തര ഡിജിറ്റൽ ഭരണമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചർ ഒരു പാലമാകണം, മറിച്ച് തടസ്സമാകരുത്. ലോക നന്മയ്ക്കായി, ഇന്ത്യ തങ്ങളുടെ ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചർ മാതൃക പങ്കിടാൻ തയാറാണ്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഒരു ഭൂമി ഒരു കുടുംബം ഒരു ഭാവി എന്നത് ഒരു പ്രതിബദ്ധതയാണ്.‘മോദി തന്റെ പ്രസംഗത്തിൽ പറഞ്ഞു.

## തീരദേശ പരിപാലന നിയമത്തിൽ ഇളവ്, 66 പഞ്ചായത്തുകൾ സിആർഇസെഡ് 2 പട്ടികയിൽ

**ന്യൂഡൽഹി:** തീരദേശ പരിപാലന നിയമത്തിൽ കേരളത്തിന് ഇളവു നൽകി കേന്ദ്ര സർക്കാർ. 66 പഞ്ചായത്തുകളെ സിആർഇസെഡ് 2 പട്ടികയിലേക്കു മാറ്റി. ജനസംഖ്യ കൂടിയ മറ്റു പഞ്ചായത്തുകളിൽ സിആർഇസെഡ് 3 എക്ക് കീഴിൽ നിർമാണ പ്രവർത്തനങ്ങൾക്കുള്ള ദൂരപരിധി 200 ൽ നിന്ന് 50 മീറ്ററായി കുറയ്ക്കുമെന്നും കേന്ദ്ര സർക്കാർ പുറത്തിറക്കിയ വാർത്താകുറിപ്പിൽ അറിയിച്ചു. 2019 ലെ കേന്ദ്ര തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കേരളം തയാറാക്കിയ തീരദേശ പരിപാലന പദ്ധതിയിലെ നിർദേശങ്ങളാണ് ഭാഗികമായി അംഗീകരിച്ചത്.

അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക്, ചിറയിൻകീഴ്, കരുംകുളം, കോട്ടുകാൽ, വെങ്ങാനൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ അറ്റോമിക് മിനറൽ ശേഖരം ഉള്ളതിനാൽ സിആർഇസഡ് 3 ലെ വ്യവസ്ഥകൾ ബാധകമായിരിക്കുമെന്ന് കേന്ദ്രം വ്യക്തമാക്കിയിട്ടുണ്ട്. സിആർഇസഡ് 2 ൽ നിയന്ത്രണങ്ങൾ താരതമ്യേന കുറവാണ്. 2011 ലെ ജനസംഖ്യ സാന്ദ്രത കണക്കിലെടുത്ത് ഒരു



ചതുരശ്ര കിലോമീറ്ററിൽ 2161 പേരോ അതിൽ കൂടുതലോ ഉള്ള വികസിത പ്രദേശങ്ങളെ മറ്റു വികസന മാനദണ്ഡങ്ങൾ കൂടെ പരിഗണിച്ച് സിആർഇസഡ് 2 എ എന്ന വിഭാഗത്തിലും അതിൽ കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങളെ സിആർഇസഡ് 3 ബി വിഭാഗത്തിലും ഉൾപ്പെടുത്തി. സിആർഇസഡ് 2 എ പ്രകാരം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ വരെ വികസന രഹിത മേഖലയായി കുറച്ചു. മുൻപ ഇത് 200 മീറ്റർ വരെ ആയിരുന്നു. സിആർഇസഡ് 3 ബിയിൽ കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്റർ വരെ വികസന രഹിത മേഖലയായി തുടരും. സിആർഇസെഡ് 3 വിഭാഗത്തിൽ ഉൾനാടൻ ജലാശയങ്ങളുടെ വേലിയേറ്റ രേഖയിൽ നിന്നുള്ള ദൂരപരിധി 100 മീറ്ററിൽ നിന്ന് 50 മീറ്റർ വരെയായി കുറയും. മറ്റ് ചെറിയ ജലാശയങ്ങളുടെ കാര്യത്തിൽ 50 മീറ്റർ വരെയോ ജലാശയത്തിന്റെ വീതിക്കനുസരിച്ചോ വികസനരഹിത മേഖലയാക്കി കണക്കാക്കും.

1991 ന് മുൻപ് നിർമിച്ചിട്ടുള്ള ബണ്ടുകളോ സ്യൂയിസ് ഗേറ്റുകളോ നിലവിലുണ്ടെങ്കിൽ വേലിയേറ്റ രേഖ പ്രസ്തുത ബണ്ടുകൾക്കും സ്യൂയിസ് ഗേറ്റുകൾക്കും നിജപ്പെടുത്തിയാണ് തീരദേശ പരിപാലന പ്ലാനിന് അംഗീകാരം നൽകിയിരിക്കുന്നത്. 2019 സിആർഇസഡ് വിജ്ഞാപന പ്രകാരം 1000 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റും മാത്രമാണ് 50 മീറ്റർ ബഫർ ഡീമാർക്കേറ്റ് ചെയ്യുന്നത്.






കേരള പത്രപത്രപ്രവർത്തക യൂണിയൻ 60 ാം സംസ്ഥാനസമ്മേളനം സംസ്ഥാന പ്രസിഡന്റ് എം.വി വിനീത യും ജനറൽ സെക്രട്ടറി ആർ കിരൺബാബുവും പത്രസമ്മേളനത്തിൽ പ്രഖ്യാപിക്കുന്നു.

# കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന സമ്മേളനം ഒക്ടോബർ 17 മുതൽ 19 വരെ കൊച്ചിയിൽ

**കൊച്ചി :** കേരള പത്രപ്രവർത്തക യൂണിയൻ 60 ാമത് സംസ്ഥാന സമ്മേളനം 2024 ഒക്ടോബർ 17 മുതൽ 19 വരെ കൊച്ചിയിൽ നടക്കുമെന്ന് സംസ്ഥാന പ്രസിഡന്റ് എം.വി വിനീതയും ജനറൽ സെക്രട്ടറി ആർ.കിരൺബാബുവും വാർത്താസമ്മേളനത്തിൽ പറഞ്ഞു. എറണാകുളം കലൂർ എ.ജെ ഹാളിൽ നടക്കുന്ന സംസ്ഥാന സമ്മേളനം 18 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

19 ന് സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉ്ദ്ഘാടനം ചെയ്യും.17 ന് നിലവിലെ സംസ്ഥാന കമ്മിറ്റിയും സംയുക്തകമ്മിറ്റിയും ചേരും. ഒരു പതിറ്റാണ്ടിന് ശേഷം എറണാകുളം ആതിഥ്യമരുളുന്ന സംസ്ഥാന സമ്മേളനം പത്രപ്രവർത്തന തൊഴിൽ മേഖല വലിയ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ പ്രസക്തമാണെന്ന് നേതാക്കൾ പറഞ്ഞു. സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് സെമിനാറുകൾ, ട്രേഡ് യൂണിയൻ സമ്മേളനം, വിമൺ കോൺക്ലേവ് , ഫുട്ബോൾ ക്രിക്കറ്റ് ടൂർണമെന്റുകൾ എന്നിവ സംഘടിപ്പിക്കും. സമ്മേളനത്തിന്റെ പോസ്റ്റർ പ്രകാശനം സംസ്ഥാന പ്രസിഡന്റ എം.വി വിനീത സംസ്ഥാന വൈസ് പ്രസിഡന്റ് സീമാ മോഹൻലാലിന് നൽകി നിർവഹിച്ചു്.പ്രതിപക്ഷനേതാവ് വി.ഡി സതീശൻ, മേയർ അഡ്വ.എം അനിൽകുമാർ, ഹൈബി ഈഡൻ എം.പി എന്നിവർ മുഖ്യരക്ഷാധികാരികളും വ്യവസായമന്ത്രി പി.രാജീവ് ചെയർമാനുമായി 501 അംഗ സ്വാഗതസംഘത്തിന്റെ നേതൃത്വത്തിലാണ് സമ്മേളനപരിപാടികൾ സംഘടിപ്പിക്കുന്നത്. സ്വാഗതസംഘം വർക്കിംഗ് ചെയർമാനും കെ.യു.ഡബ്ല്യൂ.ജെ ജില്ലാ പ്രസിഡന്റുമായ ആർ. ഗോപകുമാർ,ജില്ലാ സെക്രട്ടറിയും സ്വാഗതസംഘം ജനറൽ കൺവീനറുമായ എം.ഷജിൽ കുമാർ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# കൂടുതൽ ബസ് സർവീസുമായി കെഎസ്ആർടിസി



**ആലുവ:** രോഗികൾക്ക് ആശ്വാസമേകാൻ ചുണങ്ങംവേലി രാജഗിരി ആശുപത്രിയെ ബന്ധിപ്പിച്ചു കൂടുതൽ ബസ് സർവീസുമായി കെഎസ്ആർടിസി. പാലക്കാട് നിന്നു രാജഗിരി ആശുപത്രി വഴി തൊടുപുഴയിലേക്കുള്ള ബസ് സർവീസ് പി.ജെ. ജോസഫ് എംഎൽഎ ഫ്ലാഗ്ഓഫ് ചെയ്തു. പാലക്കാട് നിന്നു രാവിലെ 5.40നു സർവീസ് ആരംഭിക്കുന്ന ബസ് 9.40ന് ആശുപത്രിയിലും 11നു തൊടുപുഴയിലും എത്തും.അവിടെ നിന്നു 4നു തിരികെ പാലക്കാട്ടേക്കു മടങ്ങും.കാൻസർ രോഗികളുടെ ആവശ്യപ്രകാരം രാജഗിരി ആശുപത്രി വഴി നേരത്തെ 2 ബസ് സർവീസ് കെഎസ്ആർടിസി തുടങ്ങിയിരുന്നു.

ഇടുക്കി നെടുങ്കണ്ടത്തു നിന്നു രാജഗിരി ആശുപത്രി വഴി എറണാകുളത്തേക്കും കൊല്ലത്തു നിന്നു രാജഗിരി ആശുപത്രി വഴി പെരുമ്പാവൂരിലേക്കുമുള്ള സർവീസ് തുടരും.നെടുങ്കണ്ടം,എറണാകുളം സൂപ്പർ ഫാസ്റ്റ് രാവിലെ 5.10നു നെടുങ്കണ്ടത്തു നിന്നു പുറപ്പെട്ടു 10.10ന് ആശുപത്രിയിലും 11ന് എറണാകുളത്തും എത്തും. എറണാകുളത്തു നിന്നു തിരികെ 5നു പുറപ്പെടുന്ന ബസ് 5.50നു രാജഗിരിയിലും 11നു കുമളിയിലും എത്തും.

കൊല്ലത്തു നിന്നു രാവിലെ 4.45നു പുറപ്പെടുന്ന ബസ് 9.45നു രാജഗിരിയിലും 10.30നു പെരുമ്പാവൂരിലും എത്തും. പ്രായമായ രോഗികളുടെയും തുടർ ചികിത്സകൾക്ക് എത്തുന്നവരുടെയും സൗകര്യം കണക്കിലെടുത്തു മന്ത്രി കെ.ബി.ഗണേഷ്കുമാർ താൽപര്യമെടുത്ത് അനുവദിച്ചതാണ് പുതിയ സർവീസുകൾ. മന്ത്രി ഇതിനായി ആശുപത്രി സന്ദർശിച്ചിരുന്നു.



# എരുമേലി സാമൂഹികാരോഗ്യകേന്ദ്രത്തിൽ 24 മണിക്കൂർ കിടത്തിചികിത്സയ്ക്ക് തുടക്കം

**കോട്ടയം:** എരുമേലി സാമൂഹികാരോഗ്യകേന്ദ്രത്തിൽ ഇരുപത്തിനാലുമണിക്കൂർ കിടത്തിച്ചികിത്സയുടെ ഉദ്ഘാടനം ആരോഗ്യകുടുംബക്ഷേമവകുപ്പ് മന്ത്രി വീണാ ജോർജ് ഓൺലൈനായി നിർവഹിച്ചു.

ശബരിമല സീസണിലും എല്ലാ മാസവും ധാരാളം അയ്യപ്പഭക്തർ എത്തുന്ന എരുമേലിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സാമൂഹികാരോഗ്യ കേന്ദ്രം ദീർഘനാളായുള്ള ആവശ്യമായിരുന്നു എന്ന് മന്ത്രി ചൂണ്ടിക്കാട്ടി. എരുമേലി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഒരു തസ്തിക കൂടി സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു.

ചടങ്ങിൽ അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം. എൽ.എ യുടെ അധ്യക്ഷത വഹിച്ചു. ആന്റോ ആന്റണി എം. പി മുഖ്യാതിഥിയായിരുന്നു.

നവീകരിച്ച ഒ. പി ഫാർമസിയുടെ ഉദ്ഘാടനം അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം. എൽ.എയും ആധുനിക കണ്ണ് പരിശോധനാ ഉപകരണങ്ങളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്തംഗം അഡ്വ. ശുഭേഷ് സുധാകരനും നിർവഹിച്ചു.

കാഞ്ഞിരപ്പള്ളി ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് അജിതാ രതീഷ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജിജി മോൾ സജി,ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് റ്റി. എസ് കൃഷ്ണകുമാർ, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷൻ ടി. ജെ മോഹനൻ , ബ്ലോക്ക് പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷരായ ജയശ്രീ ഗോപിദാസ്, ഷക്കീലാ നസീർ, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ എമേഴ്സൺ, അഡ്വ. സാജൻ കുന്നത്ത്, ജോളി മടുക്കക്കുഴി, ജൂബി അഷ്റഫ്, രത്നമ്മ രവീന്ദ്രൻ, പി. കെ പ്രദീപ്, മാഗി ജോസഫ്, ജോഷി മംഗലം, ഡാനി ജോസ്, അനുഷിജു, ഗ്രാമപഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷ ലിസി സജി, ഗ്രാമപഞ്ചായത്തംഗം നാസർ പനച്ചി,ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ. പ്രിയ /മെഡിക്കൽ ഓഫീസർ ഡോ. പി. റെക്സൺ പോൾ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എസ്. ഫൈസൽ, വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികളായ വി. ഐ അജി, അനിശ്രീ സാബു, റെജി അമ്പാറ, ബിനോ ജോൺ ചാലക്കുഴി, അനിയൻ എരുമേലി, നൗഷാദ് കുറുങ്കാട്ടിൽ, സലീം വാഴമറ്റം, ജോസ് പഴയതോട്ടം, മോഹൻകുമാർ, ഉണ്ണിരാജ്, പി. കെ റസാക്ക്, സി. ഡി. എസ് ചെയർപേഴ്സൺ അമ്പിളി സജീവൻ , സംഘടനാ ഭാരവാഹികളായ തോമസ് കുര്യൻ, പി. ആർ ഹരികുമാർ, പി. ജി തോമസ്, സൈനുലാബ്ദീൻ മാളികവീട്, എന്നിവർ പ്രസംഗിച്ചു.

# നോട്ടിസ് നൽകാതെ വൈദ്യുതി വിഛേദിക്കൽ 1.54 ലക്ഷം നഷ്ടപരിഹാരം നൽകാൻ വിധി

**പത്തനംതിട്ട:** മുൻകൂർ നോട്ടിസ് നൽകാതെ ആശുപത്രി ക്ലിനിക്കിലെ വൈദ്യുതി ബന്ധം വിഛേദിച്ചെന്ന പരാതിയിൽ കെഎസ്ഇബി ഉദ്യോഗസ്ഥർ പരാതിക്കാരന് 1.54 ലക്ഷം നഷ്ടപരിഹാരം നൽകാൻ വിധി. പന്തളം മങ്ങാരം സ്വദേശി ആലീഫ് പറമ്പിൽ എം.യു.ഷഹനാസ് നൽകിയ പരാതിയിൽ പത്തനംതിട്ട ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷനാണ് ശിക്ഷ വിധിച്ചത്. കെഎസ്ഇബി പന്തളം സെക്ഷൻ അസി.എൻജിനീയർ, അസി.എക്സിക്യൂട്ടിവ് എൻജിനീയർ, അടൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ, പത്തനംതിട്ട ഡപ്യൂട്ടി ചീഫ് എൻജിനീയർ, കെഎസ്ഇബി ചെയർമാൻ, സെക്രട്ടറി എന്നിവരെ എതിർകക്ഷികളാക്കിയാണു പരാതി നൽകിയത്.

പന്തളത്ത് ദന്തൽ ക്ലിനിക് നടത്തുകയായിരുന്നു ഷഹനാസ്. ക്ലിനിക്കിന് നൽകിയ വൈദ്യുതി കണക്ഷനിൽ വാണിജ്യ ആവശ്യങ്ങൾക്കുള്ള നിരക്കിലായിരുന്നു തുക ഈടാക്കിയിരുന്നത്. തുടക്കത്തിൽ താരിഫിനെപ്പറ്റി ധാരണയില്ലാത്തതിനാൽ ഇക്കാര്യം ശ്രദ്ധിച്ചിരുന്നില്ല. തുക കൃത്യമായി അടച്ചിരുന്നു. ഈ വർഷം ജനുവരിയിൽ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് ക്ലിനിക്കിലെത്തി 43,572 രൂപ പിഴ ഈടാക്കി. ഇതിനെതിരെ പന്തളം കെഎസ്ഇബി സെക്ഷൻ ഓഫിസിൽ പരാതി കൊടുത്തെങ്കിലും പരിഗണിച്ചില്ല. വീണ്ടും ഉയർന്ന നിരക്കിൽ 6536 രൂപയുടെ ബിൽ കൊടുത്തു. ഇതിനെതിരെയും പരാതി കൊടുത്തെങ്കിലും നടപടിയുണ്ടായില്ല.

ഈ വർഷം ഏപ്രിൽ 30ന് രോഗികൾ ഉൾപ്പെടെ ക്ലിനിക്കിൽ ഉണ്ടായിരുന്ന സമയത്ത് കണക്ഷൻ വിഛേദിച്ചു. ഷഹനാസ് തിരുവനന്തപുരത്ത് കെഎസ്ഇബിയിലെ ഉദ്യോഗസ്ഥരെയും മുഖ്യമന്ത്രിയുടെ ഓഫിസിനെയും ബന്ധപ്പെട്ടപ്പോൾ വൈകിട്ടു തന്നെ കണക്ഷൻ പുനഃസ്ഥാപിച്ചു. ബിൽതുക 4797 ആക്കി കുറച്ചും താരിഫ് കുറഞ്ഞ സ്ലാബിലേക്ക് കണക്ഷൻ മാറ്റിയും നൽകി. ഇതിനു ശേഷമാണ് നഷ്ടപരിഹാരത്തുക ആവശ്യപ്പെട്ട് ഷഹനാസ് ഉപഭോക്തൃ കമ്മിഷനെ സമീപിച്ചത്. ഹർജിക്കാരന് നഷ്ടപരിഹാരമായി 1.54 ലക്ഷം രൂപ കെഎസ്ഇബി ഉദ്യോഗസ്ഥർ 45 ദിവസത്തിനകം നൽകണമെന്നാണ് കമ്മിഷൻ പ്രസിഡന്റ് ബേബിച്ചൻ വെച്ചൂച്ചിറയും കമ്മിഷനംഗം നിഷാദ് തങ്കപ്പനും വിധിച്ചത്.

# എംപോക്സ് :രോഗലക്ഷണങ്ങൾ ഉണ്ടായാൽ അടിയന്തരമായി അറിയിക്കണമെന്ന് ഡി.എം.ഒ

## വിമാനത്താവളത്തിൽ പ്രത്യേക നിരീക്ഷണ സംവിധാനങ്ങൾ

**തിരുവനന്തപുരം:** എംപോക്സ് റിപ്പോർട്ട് ചെയ്യപ്പെട്ട രാജ്യങ്ങളിൽ നിന്നെത്തുന്നവർ താമസസ്ഥലത്തിന് സമീപത്തുള്ള ആരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ട് വിവരങ്ങൾ നൽകണമെന്നും രോഗലക്ഷണങ്ങളുണ്ടായാൽ അടിയന്തരമായി അടുത്തുള്ള ആരോഗ്യകേന്ദ്രത്തിൽ ചികിത്സ തേടണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ചികിത്സ തേടുന്ന ഡോക്ടറിനെ യാത്രാവിവരം അറിയിക്കണം.

തിരുവനന്തപുരം വിമാനത്താവളത്തിൽ ഇതിനായി പ്രത്യേക നിരീക്ഷണ സംവിധാനം ഒരുക്കിയിട്ടുണ്ട്. രോഗം റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്നും വരുന്നവർക്ക് എന്തെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടായാൽ എയർപോർട്ടിൽ റിപ്പോർട്ട് ചെയ്യണം. സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ അനുസരിച്ചുള്ള ഐസൊലേഷൻ, സാമ്പിൾ കളക്ഷൻ, ചികിത്സ തുടങ്ങിയ സംവിധാനങ്ങൾ വിമാനത്താവളത്തിൽ ഉറപ്പു വരുത്തിയിട്ടുണ്ടെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ഫീൽഡ് തല നിരീക്ഷണ സംവിധാനങ്ങളും ഊർജ്ജിതമാക്കിയിട്ടുണ്ട്.

**രോഗലക്ഷണങ്ങൾ**

പനി, തീവ്രമായ തലവേദന, കഴലവീക്കം, നടുവേദന, പേശി വേദന, ഊർജ്ജക്കുറവ് എന്നിവയാണ് പ്രാരംഭ ലക്ഷണങ്ങൾ.

പനി തുടങ്ങി ഒരാഴ്ചയ്ക്കുള്ളിൽ ദേഹത്ത് കുമിളകളും ചുവന്ന പാടുകളും പ്രത്യക്ഷപ്പെടാൻ തുടങ്ങും. മുഖത്തും കൈകാലുകളിലുമാണ് കൂടുതൽ കുമിളകൾ കാണപ്പെടുന്നത്. ഇതിന് പുറമെ കൈപ്പത്തി, ജനനേന്ദ്രിയം, കണ്ണുകൾ എന്നീ ശരീരഭാഗങ്ങളിലും ഇവ കാണപ്പെടും.

രോഗം ബാധിച്ച വ്യക്തിയുമായി മുഖാമുഖം വരുമ്പോഴും, സ്പർശനം, ലൈംഗികബന്ധം എന്നിവയിലൂടെയും രോഗി ഉപയോഗിച്ച കിടക്ക, വസ്ത്രം, പാത്രങ്ങൾ, മൊബൈൽ തുടങ്ങിയവ പങ്കിടുന്നതിലൂടെയും എംപോക്സ് പകരും. സുരക്ഷാ മാർഗങ്ങൾ അവലംബിക്കാതെ അസുഖബാധിതരുമായി അടുത്തിടപഴകുന്നവർക്കാണ് എംപോക്സ് ഉണ്ടാകുന്നത് . വൈറസ് ബാധയുണ്ടെന്ന് സംശയിക്കുന്നതോ സ്ഥിരീകരിച്ചതോ ആയ രോഗികളെ പരിചരിക്കുന്ന ആരോഗ്യ പ്രവർത്തകരും രോഗബാധിതരുടെ സ്രവങ്ങൾ കൈകാര്യം ചെയ്യുന്നവരും രോഗപ്പകർച്ച ഒഴിവാക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള അണുബാധ നിയന്ത്രണ മുൻകരുതലുകൾ നിർബന്ധമായും സ്വീകരിക്കണമെന്നും അറിയിപ്പിൽ പറയുന്നു.

കൂടുതൽ വിവരങ്ങൾക്ക് ദിശ : 104, 1056, 0471 2552056

# മങ്കിപോക്സ് പ്രതിരോധത്തിനും ചികിത്സയ്ക്കുമായി പുതുക്കിയ മാർഗനിർദേശങ്ങൾ

## ഡോക്സിസൈക്ലിൻ കഴിക്കാത്തവരിൽ എലിപ്പനി മരണനിരക്ക് കൂടുതൽ സ്റ്റേറ്റ് ആർആർടി യോഗം ചേർന്ന് സംസ്ഥാനത്തെ സ്ഥിതി വിലയിരുത്തി



**തിരുവനന്തപുരം:** സംസ്ഥാനത്ത് എംപോക്സ് സംബന്ധമായ പ്രതിരോധത്തിനും ഫലപ്രദമായ ചികിത്സയ്ക്കായി പുതുക്കിയ മാർഗനിർദേശങ്ങൾ പുറത്തിറക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കേസുകൾ കൂടുകയാണെങ്കിൽ അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകി. എല്ലാ ജില്ലകളിലും ഐസൊലേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എയർപോർട്ടുകളിൽ ഉൾപ്പെടെ നിരീക്ഷണം ശക്തിപ്പെടുത്തി. നിലവിൽ 5 ലാബുകളിൽ പരിശോധാ സൗകര്യമൊരുക്കി. ആവശ്യമെങ്കിൽ കൂടുതൽ ലാബുകളിൽ പരിശോധനാ സൗകര്യങ്ങളൊരുക്കും. മറ്റ് രാജ്യങ്ങളിൽ നിന്നും ഇവിടെ എത്തുന്നവർക്ക് ഉൾപ്പെടെ രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കുകയും ചികിത്സ തേടുകയും വേണം. സർക്കാർ, സ്വകാര്യ ആശുപത്രികളിൽ എംപോക്സ് ലക്ഷണവുമായി എത്തുന്നുണ്ടെങ്കിൽ ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കണമെന്നും മന്ത്രി നിർദേശം നൽകി.

സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർആർടി) യോഗം ചേർന്ന് സംസ്ഥാനത്തെ പൊതു സാഹചര്യം വിലയിരുത്തി. എലിപ്പനി പ്രതിരോധത്തിൽ പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിന് വളരെ പ്രാധാന്യമുണ്ട്.

മലിന ജലത്തിലിറങ്ങിയവരിൽ ഡോക്സിസൈക്ലിൻ കഴിക്കാത്തവരിൽ മരണനിരക്ക് കൂടുതലാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതിനാൽ മലിന ജലത്തിലിറങ്ങിയവർ നിർബന്ധമായും എലിപ്പനി പ്രിരോധ ഗുളിക കഴിക്കണം. കൈകാലുകളിൽ മുറിവുകളുള്ളവർ മലിനജലവുമായി സമ്പർക്കം വരാതെ നോക്കുകയോ, വ്യക്തിഗത സുരക്ഷാ മാർഗങ്ങൾ സ്വീകരിക്കുകയോ ചെയ്യണം. ഇടവിട്ട മഴ തുടരുന്നതിനാൽ പലതരം പകർച്ച പനികൾ തുടരുകയാണ്. ഡെങ്കിപ്പനി, എലിപ്പനി, എച്ച്1 എൻ1 ഇൻഫ്ളുവൻസ, മലേറിയ, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾ കാണുന്നുണ്ട്. നീണ്ട് നിൽക്കുന്ന പനിയാണെങ്കിൽ വിദഗ്ധ ചികിത്സ തേടി ഏത് പനിയാണെന്ന് തിരിച്ചറിഞ്ഞ് ചികിത്സ ഉറപ്പാക്കണം.

വയറിളക്ക രോഗങ്ങൾ, ഹെപ്പറ്റൈറ്റിസ് എ എന്നിവയെ പ്രതിരോധിക്കാൻ തിളിപ്പിച്ചാറിയ വെള്ളം മാത്രമേ കുടിക്കാൻ പാടുള്ളൂ. കുടിവെള്ള സ്രോതസുകൾ കൃത്യമായി ക്ലോറിനേറ്റ് ചെയ്യണം. പ്രാദേശികമായി ഒരു പകർച്ചവ്യാധി റിപ്പോർട്ട് ചെയ്താൽ പൊതുജനാരോഗ്യ നിയമപ്രകാരമുള്ള തദ്ദേശ സ്ഥാപനങ്ങളിലെ കമ്മിറ്റികൾ ചേർന്ന് തുടർ നടപടികൾ സ്വീകരിക്കണം. വിവിധ വകുപ്പുകളെ ഏകോപിച്ചുള്ള ഈ കമ്മിറ്റികളിലെ ചർച്ചകളിലൂടെ ഫലപ്രദമായ തീരുമാനങ്ങളെടുക്കാൻ സാധിക്കും.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ഐഎസ്എം ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ, ആർ.ആർ.ടി. അംഗങ്ങൾ എന്നിവർ പങ്കെടുത്തു.



വല്ലാർപാടം ബസിലിക്കയിലെ പരിശുദ്ധ വല്ലാർപാടത്തമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വേസ്പര ദിനത്തിൽ തിരുസ്വരൂപവും വഹിച്ചു കൊണ്ട് നടത്തിയ പ്രദക്ഷിണം

# സംസ്ഥാനതല കൺസൽട്ടേഷൻ ഉദ്ഘാടനം ഇന്ന്

**തിരുവനന്തപുരം:** സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനും യുണിസെഫും സംയുക്തമായി സംഘടിപ്പിക്കുന്ന ഡിജിറ്റൽ കാലഘട്ടത്തിൽ കുട്ടികളുടെ അവകാശ സംരക്ഷണത്തിന് മാധ്യമങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ നടത്തുന്ന സംസ്ഥാനതല കൺസൾട്ടേഷന്റെ ഉദ്ഘാടനം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ അനിൽ നിർവഹിക്കും. സെപ്റ്റംബർ 24 ന് രാവിലെ 10 മണിക്ക് ഹൈസിന്ത് ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ അധ്യക്ഷത വഹിക്കും. സംസ്ഥാന ബാലാവകാശ കമ്മീഷൻ അംഗം ബി മോഹൻകുമാർ സ്വാഗതം ആശംസിക്കും. വനിതാ ശിശുക്ഷേമ വകുപ്പ് ഡയറക്ടർ ഹരിത വി കുമാർ മുഖ്യാതിഥിയാകും. യൂണിസെഫ് കേരള തമിഴ്നാട് സോഷ്യൽ പോളിസി ചീഫ് കെ.എൽ റാവു മുഖ്യ പ്രഭാഷണം നടത്തും.

സിനിമാ, ടെലിവിഷൻ കാലഘട്ടത്തിലെ ബാലാവകാശം എന്ന വിഷയത്തിൽ സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ ഷാജി എൻ കരുണും, ഡിജിറ്റൽ കാലത്തെ ബാലാവകാശം എന്ന വിഷയത്തിൽ മുഖ്യമന്ത്രിയുടെ പ്രസ് സെക്രട്ടറി പി.എം മനോജും പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ, കുട്ടികളുടെ സ്വകാര്യതയ്ക്കും രഹസ്യസ്വഭാവത്തിനുമുള്ള അവകാശങ്ങൾക്ക് വേണ്ടിയുള്ള നിയമങ്ങളിലെ വൈരുധ്യങ്ങൾ എന്ന വിഷയത്തിൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കെ.കെ. സുബൈറും സെഷനുകൾ നയിക്കും. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം കെ.കെ ഷാജു മോഡറേറ്ററാകും. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം എൻ.സുനന്ദ നന്ദി അർപ്പിക്കും.

# ദരിദ്രർ ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുമെന്ന് മുഖ്യമന്ത്രി

**മാടക്കത്തറ:** അതിദരിദ്രർ ഇല്ലാത്ത സംസ്ഥാനമായി 2025 നവംബർ 1ന് മുൻപ് കേരളത്തെ മാറ്റുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 64,006 അതിദരിദ്ര കുടുംബങ്ങളാണ് ഇപ്പോഴുള്ളതെന്നും അദ്ദേഹം പറഞ്ഞു. തൃശൂർ കോർപറേഷനിലെ 231 കുടുംബങ്ങൾക്ക് 3 സെന്റ് വീതം ഭൂമി നൽകുന്ന 'എനിക്കുമുണ്ടൊരു മേൽവിലാസം' പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതർക്കും 3 സെന്റ് വീതം നൽകുന്നതിന് 10,500 ഏക്കർ ഭൂമി വേണം. ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള കേസുകൾ തീർപ്പാക്കിയാൽ 8210 ഏക്കർ ഭൂമി ലഭ്യമാകും. ആയിരത്തിലധികം മിച്ചഭൂമി കേസുകളുണ്ട്. അവ കൂടി തീർപ്പാക്കുന്നതോടെ മുഴുവൻ പേർക്കും ഭൂമി കിട്ടും. കേസ് തീർപ്പാക്കുന്നതു വേഗം കൂട്ടാൻ ലാൻഡ് റവന്യു ബോർഡ് ജീവനക്കാർക്കു പരിശീലനം നൽകി. പട്ടയ മിഷൻ അദാലത്തിലൂടെ ഭൂമി നൽകാൻ പദ്ധതിയുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

മാറ്റാംപുറത്ത് കോർപറേഷൻ വാങ്ങിയ ഭൂമിയാണ് 231 കുടുംബങ്ങൾക്ക് അനുവദിച്ചിരിക്കുന്നത്. ഒരു ഭിന്നശേഷിക്കാരനും അർബുദ രോഗിക്കും ഉൾപ്പെടെ 6 പേർക്കു മുഖ്യമന്ത്രി കൈവശാവകാശ രേഖ നൽകി. മേയർ എം.കെ.വർഗീസ് അധ്യക്ഷത വഹിച്ചു. മന്ത്രിമാരായ കെ.രാജൻ, ആർ.ബിന്ദു, എംഎൽഎ പി. ബാലചന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്.പ്രിൻസ്, ഡപ്യൂട്ടി മേയർ എം.എൽ.റോസി, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ആർ.രവി, മാടക്കത്തറ പഞ്ചായത്ത് പ്രസിഡന്റ് ഇന്ദിരാ മോഹൻ, ലൈഫ് മിഷൻ ജില്ലാ കോ ഓർഡിനേറ്റർ പി. ആന്റണി തുടങ്ങിയവർ പങ്കെടുത്തു.

# ഹൈദരാബാദിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായി ആശുപത്രി തുറക്കാനൊരുങ്ങി ആസ്റ്റർ

**കൊച്ചി:** സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ഏറ്റവും വലിയ ആശുപത്രി ഹൈദരാബാദിൽ തുറക്കാനൊരുങ്ങി ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ. എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്കുംകുട്ടികൾക്കും ആവശ്യമായ സവിശേഷ ചികിത്സനൽകുന്നതിന് 300 കിടക്കകളുള്ള ആശുപത്രിയാണ് ഒരുങ്ങുന്നത്. സമഗ്രമായഗർഭകാലചികിത്സ, പ്രസവചികിത്സ, പ്രസവാനന്തര ശുശ്രൂഷ, ഗൈനക്കോളജി എന്നിവയ്ക്ക് പുറമെ നവജാതശിശുക്കൾക്കും കുട്ടികൾക്കുംആവശ്യമായ എല്ലാവിധ ചികിത്സയും ലഭ്യമാക്കും. മൂന്ന് ലക്ഷം ചതുരശ്രയടി വിശാലമായ പുതിയ ആശുപത്രിക്കായി 220 കോടി രൂപയാണ്ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ വകയിരുത്തിയിട്ടുള്ളത്.

നിർമാണത്തിന്റെ ആദ്യഘട്ടം 2026ന്റെ മധ്യത്തിൽ പൂർത്തിയാക്കി പ്രവർത്തനംതുടങ്ങാനാണ് പദ്ധതി.പ്രസവകാല ബുദ്ധിമുട്ടുകൾ, സ്ത്രീകളെ ബാധിക്കുന്ന വിവിധ രോഗങ്ങൾ, ശിശുരോഗ ചികിത്സ, നവജാതശിശുക്കൾക്ക് ആവശ്യമായപ്രത്യേക പരിചരണം, പ്രജനനാരോഗ്യം തുടങ്ങിയ വിഭാഗങ്ങളിലെല്ലാം ഏറ്റവും വിദഗ്ധ ചികിത്സ ആസ്റ്റർ വിമൺ ആൻഡ് ചിൽഡ്രൻസ്ഹോസ്പിറ്റലിൽ നിന്നും ലഭിക്കും. 100 കിടക്കകൾ ഉള്ള തീവ്രപരിചരണ വിഭാഗവും പത്ത് മോഡുലാർ ഓപ്പറേഷൻ തിയറ്ററുകളും ഉണ്ടാകും. പ്രസവം അനായാസമാക്കാൻ ആഡംബര പ്രസവമുറികൾ ഉണ്ടാകും. ഗർഭിണികളായ അമ്മമാർക്കും കുട്ടികൾക്കും വേണ്ടി അത്യാധുനികസജ്ജീകരണങ്ങൾ ഒരുക്കും. ലോകോത്തര സാങ്കേതികവിദ്യകളുടെ മികവുള്ള കാത് ലാബ്, സിടി, എംആർഐ, ഇസിഎംഒ, ഐവിയുഎസ്, ഇബിയുഎസ്, ഇആർസിപി സംവിധാനങ്ങളാണ് നിർമിക്കുന്നത്. എല്ലാദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്ന അടിയന്തിര/അത്യാഹിതചികിത്സാവിഭാഗവുമുണ്ടാകുമെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.നിലവിൽ ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ ഒരു മൾട്ടി സ്പെഷ്യലിറ്റി ആശുപതി ഹൈദരാബാദിൽ പ്രവർത്തിക്കുന്നുണ്ട്.

# ഡോ. വി വേണു കൊച്ചി ബിനാലെ ഫൗണ്ടേഷൻ ചെയർപേഴ്സൺ

**കൊച്ചി:** കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ (കെബിഎഫ്) ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയർപേഴ്സണായി കേരള സർക്കാരിന്റെ



മുൻ ചീഫ് സെക്രട്ടറി ഡോ. വി. വേണുവിനെ നിയമിച്ചു. ഹോണററി അടിസ്ഥാനത്തിൽ പ്രവർത്തിക്കാമെന്ന് ഡോ. വി വേണു ട്രസ്റ്റിനെ അറിയിച്ചതിനെ തുടർന്ന് ഈ മാസം 21 മുതലാണ് നിയമനമെന്ന് കൊച്ചി ബിനാലെ ഫൗണ്ടേഷൻ ട്രസ്റ്റിയും കൊച്ചിമുസിരിസ് ബിനാലെ പ്രസിഡന്റുമായ ബോസ് കൃഷ്ണമാചാരി അറിയിച്ചു.കൊച്ചി ബിനാലെ ഫൗണ്ടേഷൻ നടത്തുന്ന കൊച്ചിമുസിരിസ് ബിനാലെ, കലാപ്രേമികൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ അഭികാമ്യമായ ഇന്ത്യയിലെ പ്രധാന മെഗാ കലാപരിപാടി എന്ന നിലയിൽ ദേശീയ അന്തർദേശീയ അംഗീകാരം നേടിയിട്ടുണ്ട്. ഇതിനായി ഫൗണ്ടേഷനും കേരള സർക്കാരും തമ്മിലുള്ള പങ്കാളിത്തം സ്ഥാപിക്കുന്നതിൽ പ്രധാന പങ്കുവഹിച്ച ഡോ. വേണു ആദ്യ പതിപ്പ് മുതൽ കൊച്ചിമുസിരിസ് ബിനാലെയുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. തുടർന്നുള്ള പതിപ്പുകളിലും ബിനാലെ ഫൗണ്ടേഷന് അദ്ദേഹം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു.1990ൽ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ ചേർന്ന ഡോ വേണു ന്യൂഡൽഹിയിലെ നാഷണൽ മ്യൂസിയത്തിന്റെ മുൻ ഡയറക്ടർ ജനറലെന്ന നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്.

# കുസാറ്റ്: മേക്ക്എടൺ ഹാക്കത്തോൺ; രജിസ്ട്രേഷൻ സെപ്റ്റംബർ 25 വരെ

**കൊച്ചി :** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സെൻറർ ഫോർ ഇന്നോവേഷൻ ടെക്നോളജി ട്രാൻസ്ഫെർ ആൻഡ് ഇൻഡസ്ട്രിയൽ കൊളാബറേഷനിൽ, മേക്ക്എടൺ 7.0 ഹാക്കത്തോണിൻറെ ഏഴാം പതിപ്പ് ഒക്ടോബർ 19, 20 തീയതികളിൽ നടക്കും. യുവാക്കൾക്കിടയിൽ മറഞ്ഞിരിക്കുന്ന സംരംഭകരെ കണ്ടെത്തുന്നതിനും സമൂഹത്തെ സ്വാധീനിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ വികസിപ്പിക്കുവാനും ലക്ഷ്യമിട്ടുള്ള പരിപാടിയാണ് മേക്ക്എടൺ 7.0. ഇരുപത്തിനാല് മണിക്കൂർ ദൈർഘ്യമുള്ള ഈ പരിപാടി കോളേജ് വിദ്യാർത്ഥികൾക്കായി മാത്രമുള്ളതാണ്. മേജർ ലീഗ് ഹാക്കിങ്ങുമായി ഒത്തുചേർന്നുള്ള കേരളത്തിലെ ഏക ഹാക്കത്തോണാണിത്. വിജയികൾക്ക് ഒരു ലക്ഷത്തിൽ പരം രൂപയുടെ സമ്മാനങ്ങളും വ്യത്യസ്ത മത്സരങ്ങൾക്ക് ഉപഹാരങ്ങളും നൽകും. നല്ല ആശയങ്ങൾക്ക് ഇൻകുബേഷൻ സപ്പോർട്ടും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ഉണ്ടായിരിക്കും. വിദ്യാർത്ഥികൾ, makeaton.in എന്ന വെബ്സൈറ്റിൽ 2 മുതൽ 4 വരെ അംഗങ്ങളുള്ള ടീമുകളായി സെപ്റ്റംബർ 25 വരെ രജിസ്റ്റർ ചെയ്യുക.



# വൈസ് ചാൻസലർ പ്രൊഫ.ഡോ.പി.ജി ശങ്കരന് യാത്രയയപ്പ് നൽകി കുസാറ്റ്

**കൊച്ചി :** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിന്നും വൈസ് ചാൻസലർ പദവിയിൽ നിന്ന് പടിയിറങ്ങുന്ന പ്രൊഫ.ഡോ.പി.ജി ശങ്കരന് ഗംഭീര യാത്രയയപ്പ് നൽകി സർവകലാശാല ഉദ്യോഗസ്ഥർ. 22 വർഷത്തെ അധ്യാപന ഗവേഷണ ഭരണ നിർവഹണ പരിചയസമ്പത്തുള്ള ഡോ.പി.ജി.ശങ്കരൻ 2023 ഏപ്രിൽ 26 നാണ് വൈസ് ചാൻസലറായി ചുമതലയേറ്റത്. 2017 ആഗസ്റ്റ് മുതൽ സർവകലാശാ യുടെ പ്രൊ വൈസ് ചാൻസലറായി സേവനമനുഷ്ഠിച്ചിട്ടുള്ള ഡോ.പി.ജി ശങ്കരൻ കുസാറ്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൻറെ മേധാവിയും സെൻറർ ഫോർ പോപ്പുലേഷൻ സ്റ്റഡീസിൻറെ ഡയറക്ടറായും ചുമതല വഹിച്ചിട്ടുണ്ട്. അദ്ദേഹത്തിൻറെ ഭരണ കാലഘട്ടത്തിൽ, സർവകലാശാലയക്ക് എൻ.ഐ.ആർ.എഫ് റാങ്കിൽ സംസ്ഥാന സർവകലാശാലകളിൽ 10ാം സ്ഥാനം ഉൾപ്പടെയുള്ള മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. അദ്ദേഹത്തിൻറെ കാലയളവിൽ, കഴിഞ്ഞ രണ്ട് വർഷം മാത്രം 76 ധാരണാപത്രങ്ങളാണ് സർവകലാശാല ഒപ്പിട്ടത്. അതിൽ 31 ധാരണാപത്രങ്ങളും വിദേശ സർവകലാശാലകളും സ്ഥാപനങ്ങളുമായിട്ടായിരുന്നു എന്നതും ശ്രദ്ധേയമാണ്. കൊച്ചി രാജ്യാന്തര വിമാന താവളം, അപ്പോളോ ടയേർസ് എന്നിവയുമായി ചേർന്ന് പുതിയ അക്കാദമിക് പ്രോഗ്രാമുകളും ആരംഭിക്കാൻ ധാരണയായത് അദ്ദേഹത്തിൻറെ നേതൃത്വത്തിലാണ്. സർവകലാശാലയിൽ എക്സിക്യൂട്ടീവ് എം.ബി.എ, ഇൻറഗ്രേറ്റഡ് പി.ജി, 10 മൂക്ക് കോഴ്സുകൾ അടക്കമുള്ള നൂതന പ്രോഗ്രാമുകൾ നിലവിൽ വന്നതും, സർവകലാശാലയെ ഇൻറർനാഷണൽ സെൻറർ ഫോർ എക്സലൻലസ് ഇൻ ആക്കാഡമിക്സ് ആൻറ് റിസർച്ച് ആക്കി വികസിപ്പിക്കുന്നതിന് 240 കോടി രൂപയുടെ കിഫ്ബി പദ്ധതി പൂർത്തിയാക്കിയതും ഈ കാലഘട്ടത്തിലാണ്. 20222024 കാലയളവിൽ 44 പേറ്റൻറുകൾ ലഭിക്കുകയും കഴിഞ്ഞ അധ്യനവർഷത്തിൽ 216 ഗവേഷകർക്ക് പി.എച്ച്.ഡി ലഭിക്കുകയും ചെയ്തു. പ്രൊഫ.ഡോ.പി.ജി ശങ്കരൻ സ്ഥാനമോഴിയുന്നതിൻറെ ഭാഗമായി ഭൗതികശാസ്ത്ര വിഭാഗം പ്രൊഫസറും ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനുമായ പ്രൊഫ. ഡോ.എം.ജുനൈദ് ബുഷ്റി സർവകലാശാല വൈസ് ചാൻസലറായി ചുമതലയേറ്റു.ഡോ.ജുനൈദ് ബുഷ്റി ജോ.പി.ജി ശങ്കരന് മൊമെറ്റോ നർകി ആദരിച്ചു. കുസാറ്റ് രജിസ്ട്രാർ ഡോ.എ.യു അരുൺ, പരീക്ഷ കൺട്രോളർ ഡോ.എൻ.മനോജ്, സിൻഡിക്കേറ്റ് അംഗം ഡോ.ശശി ഗോപാലൻ, സിൻഡിക്കേറ്റ് അംഗം ഡോ.എസ്.എം സുനോജ്, സിൻഡിക്കേറ്റ് അംഗം ഡോ.പി.എസ് ശ്രീജിത്ത്, ഐ.ക്യു.എ.സി ഡയറക്ടർ ഡോ.സാം തോമസ്, അസിസ്റ്റൻറ് രജിസ്ട്രാർ ഡോ.റെജിൽ ടി, ഡോ.അപർണ ലക്ഷ്മണൻ, ഡോ. കെ.എ സക്കറിയ, ഡോ.ഗിരീഷ് കുമാരൻ തമ്പി ബി.എസ്, ശിവദാസ് പി.എം, ആൻസൺ ആൻറണി, ദീക്ഷിത്ത് സരേഷ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# അഭിജിത് ഫൗണ്ടേഷൻ നിംസ് ആനന്ദ് പദ്ധതിക്ക് തുടക്കമായി

**നെയ്യാറ്റിൻകര:** അവയവമാറ്റ ശാസ്ത്രക്രിയ ചെയ്ത നിർധനരോഗികൾക്ക് ഡയാലിസിസ് അടക്കമുള്ള ശസ്ത്രക്രീയാനന്തര പരിരക്ഷ സൗജന്യമായി ലഭ്യമാക്കുന്ന ആനന്ദ് പദ്ധതിക്ക് നിംസ് മെഡിസിറ്റിയിൽ തുടക്കം കുറിച്ചു. ഗുണഭോക്താക്കൾക്കുള്ള ഐ.ഡി കാർഡ് വിതരണവും പദ്ധതിയുടെ പ്രവർത്തനോദ്ഘാടനവും ശശി തരൂർ എം.പി നിർവഹിച്ചു. ആതുരസേവനവും ജീവകാരുണ്യ പ്രവർത്തനവും പുതുതലമുറയിൽ ജീവിത ശൈലിയും സംസ്കാരവുമാക്കി മാറ്റിയെടുക്കണമെന്ന് ശശി തരൂർ എം.പി അഭിപ്രായപ്പെട്ടു. അതിനൊരു ഉദാത്തമായ മാതൃകയാണ് അഭിജിത് ഫൗണ്ടേഷനും നിംസും ചേർന്ന് രൂപപ്പെടുത്തിയ ഈ പദ്ധതി എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. നിംസ് ഹാർട്ട് ഫൗണ്ടേഷൻ പതിനേഴാമത് വാർഷിക ആഘോഷത്തിന്റെ ലോഗോ ശശി തരൂർ എം.പി നിംസ് ഹാർട്ട് ഫൗണ്ടേഷൻ ഡയറക്ടർ ഡോ. മധു ശ്രീധരന് നൽകി നിർവഹിച്ചു. അഭിജിത് ഫൗണ്ടേഷൻ ചെയർമാൻ ഡോ. ജോർജ്ജ് ഓണക്കൂറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അവയവമാറ്റ ശസ്ത്രക്രിയ പരിരക്ഷ പദ്ധതിയുടെ ഗുണഭോക്തകൾക്കുള്ള ഐ.ഡി കാർഡ് നെയ്യാറ്റിൻകര നഗരസഭ ചെയർമാൻ പി. കെ രാജ്മോഹൻ വിതരണം ചെയ്തു. 'മ



സ്തിഷ്ക ജ്വരം ബോധവത്കരണം വിദ്യാലയങ്ങളിലൂടെ' പദ്ധതി വൈലോപ്പിള്ളി സംസ്കൃതി ഭവൻ വൈസ്ചെയർമാൻ ഡോ. ജി.എസ് പ്രദീപ് ഉദ്ഘാടനം ചെയ്തു. നിംസ് മെഡിസിറ്റി മാനേജിംഗ് ഡയറക്ടർ എം.എസ് ഫൈസൽ ഖാൻ ആമുഖ പ്രഭാഷണം നടത്തി.

ബി.ജെ.പി വൈസ് പ്രസിഡന്റ് വി. ശിവൻകുട്ടി ഓണക്കോടി വിതരണവും റവ. ഡോ.എൽ.റ്റി. പവിത്രസിംഗ് ഭക്ഷ്യകിറ്റ് വിതരണവും നിർവഹിച്ചു. അഭിജിത് ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റി കോട്ടുകാൽ കൃഷ്ണകുമാർ, നിംസ് മെഡിസിറ്റി മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. മഞ്ജു തമ്പി, നെഫ്രോളജി വിഭാഗം മേധാവി ഡോ.എം.കെ. മോഹൻദാസ്, ട്രാവൻകൂർ നെഫ്രോളജി ക്ലബ് പ്രസിഡന്റ് ഡോ. ബീന ഉണ്ണികൃഷ്ണൻ, തിരുവനന്തപുരം മുനിസിപ്പാലിറ്റി കൗൺസിലറും അഭിജിത് ഫൗണ്ടേഷൻ സെക്രട്ടറിയുമായ പനത്തുറ ബൈജു എന്നിവർ സംസാരിച്ചു.

അഭിജിത് ഫൗണ്ടേഷൻ ജനറൽ സെക്രട്ടറി അജിത് വെണ്ണിയൂർ സ്വാഗതവും വൈസ്ചെയർമാൻ കരുംകുളം ജയകുമാർ കൃതജ്ഞതയും പറഞ്ഞു.

# ഗോസ്റ്റ് പാരഡെയ്സ് ചിത്രീകരണം പൂർത്തിയായി

ഗോസ്റ്റ് പാരഡെയ്സിന്റെ ചിത്രീകരണം കേരളത്തിലും ഓസ്ട്രേലിയയിലും പൂർത്തിയായി.എറണാകുളം, വരാപ്പുഴ, കൂനംമാവ്,കണ്ണമാലി എന്നിവിടങ്ങളിലായിരുന്നു കേരളത്തിലെ ചിത്രീകരണം. ക്വീൻസ്ലാൻഡിലെ ഗോൾഡ് കോസ്റ്റ്, സൗത്ത്, നോർത്ത് ബ്രിസ്ബൻ പരിസരങ്ങളിൽ ആയിരുന്നു ഓസ്ട്രേലിയയിലെ ചിത്രീകരണം.



ഓസ്ട്രേലിയൻ ചലച്ചിത്ര ടെലിവിഷൻ മേഖലയിൽ പ്രവർത്തിക്കുന്നവരേയും മലയാള ചലച്ചിത്ര താരങ്ങളെയും ഉൾപ്പെടുത്തി നിർമ്മിക്കുന്ന 'ഗോസ്റ്റ് പാരഡെയ്സിന്റെ രചനയും സംവിധാനവും നിർമ്മാണവും നിർവഹിക്കുന്നത് ജോയ് കെ.മാത്യു ആണ്.ഓസ്ട്രേലിയൻ മലയാളം ഫിലിം ഇൻഡസ്ട്രിയുടെ ബാനറിലാണ് ഗോസ്റ്റ് പാരഡെയ്സ് പുറത്തിറക്കുന്നത്. നടനും എഴുത്തുകാരനും സംവിധായകനും നിർമ്മാതാവുമായ ജോയ് കെ.മാത്യു ആരംഭിച്ച ചലച്ചിത്ര നിർമ്മാണ വിതരണ കമ്പനിയാണ് ഓസ്ട്രേലിയൻ മലയാളം ഫിലിം ഇൻഡസ്ട്രി. ജോയ് കെ. മാത്യു, കൈലാഷ്, ശിവജി ഗുരുവായൂർ, സോഹൻ സീനുലാൽ, സാജു കൊടിയൻ, ലീലാ കൃഷ്ണൻ, അംബിക മോഹൻ, പൗളി വത്സൻ, മോളി കണ്ണമാലി, കുളപ്പുള്ളി ലീല, ടാസോ,അലന എന്നിവർ വേഷമിടുന്നു. കൂടാതെ ഓസ്ട്രേലിയയിൽ മലയാളി കലാകാരന്മാരായ ജോബിഷ്, മാർഷൽ, സാജു.ഷാജി, മേരി,ഇന്ദു,രമ്യാ, ഷാമോൻ,ആഷ,ജയലക്ഷ്മി,ജോബി, സൂര്യ, പൗലോസ്, ടെസ്സ, ശ്രീലക്ഷ്മി, ഷീജ, തോമസ്, ജോസ്, ഷിബു, ജിബി, സജിനി, റെജി, എന്നിവരും വിവിധ കഥാപത്രങ്ങൾ അവതരിപ്പിക്കുന്നു. ആദം കെ.അന്തോണി, സാലി മൊയ്ദീൻ (ഛായാഗ്രഹണം),എലിസബത്ത്, ജന്നിഫർ, മഹേഷ് ചേർത്തല (ചമയം),മൈക്കിൾ മാത്സൺ, ഷാജി കൂനംമാവ് (വസ്ത്രാലങ്കാരം), ഡോ.രേഖാ റാണി,സഞ്ജു സുകുമാരൻ (സംഗീതം),ഗീത് കാർത്തിക, ബാലാജി (കലാ സംവിധാനം), ഷാബു പോൾ (നിശ്ചല ഛായാഗ്രഹണം) സലിം ബാവ(സംഘട്ടനം) , ലിൻസൺ റാഫേൽ (എഡിറ്റിങ്) ടി.ലാസർ (സൗണ്ട് ഡിസൈനർ), കെ.ജെ. മാത്യു കണിയാംപറമ്പിൽ (എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ), ജിജോ ജോസ്,(ഫൈനാൻസ് കണ്ട്രോളർ) ക്ലെയർ, ജോസ് വരാപ്പുഴ, (പ്രൊഡക്ഷൻ കണ്ട്രോളർ) രാധാകൃഷ്ണൻ ചേലേരി (പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്) യൂണിറ്റ് (മദർലാന്റ് കൊച്ചി, മദർ വിഷൻ), കാമറ (ലെൻസ് മാർക്ക് 4 മീഡിയ ,മദർ വിഷൻ)ഷിബിൻ സി.ബാബു(പോസ്റ്റർ ഡിസൈൻ) ഡേവിസ് വർഗ്ഗീസ് (പ്രൊഡക്ഷൻ മാനേജർ) നിതിൻ നന്ദകുമാർ (അനിമേഷൻ) പി. ആർ.സുമേരൻ(പി. ആർ. ഓ.) എന്നിവരാണ് അണിയറ പ്രവർത്തകർ.നവംബറിൽ ഓസ്ട്രേലിയയിൽ പ്രത്യേകം സംഘടിപ്പിക്കുന്ന ചടങ്ങിൽ ഗോസ്റ്റ് പാരഡൈസ് ടൈറ്റിൽ സോങ് റീലീസ് ചെയ്യും.

# തണുപ്പ്




പുതുമുഖങ്ങളായ നിധീഷ്, ജിബിയ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിഛായാഗ്രാഹകനായ രാഗേഷ് നാരായണൻ സംവിധാനം ചെയ്യുന്ന തണുപ്പ് ഒക്ടോബർ നാലിന് പ്രദർശനത്തിനെത്തുന്നു.കാശി സിനിമാസിന്റെ ബാനറിൽ അനു അനന്തൻ, ഡോ. ലക്ഷ്മി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിൽ കൂട്ടിക്കൽ ജയചന്ദ്രൻ, അരുൺ,രഞ്ജിത്ത് മണബ്രക്കാട്ട്, ഷൈനി സാറ,പ്രിനു, ആരൂബാല,സതീഷ് ഗോപി,സാംജീവൻ,രതീഷ്,രാധാകൃഷ്ണൻ തലച്ചങ്ങാട്,ഷാനു മിത്ര, ജിഷ്ണു ഉണ്ണികൃഷ്ണൻ, ദിസിമ ദിവാകരൻ, സുമിത്ത് സമുദ്ര,മനോഹരൻ വെള്ളിലോട് തുടങ്ങിയവരും അഭിനയിക്കുന്നു.മണികണ്ഠൻ പി എസ് ഛായാഗ്രഹണം നിർവഹിക്കുന്നു.വിവേക് മുഴക്കുന്ന് എഴുതിയ വരികൾക്ക്

ബിബിൻ അശോക് സംഗീതം സംഗീതം പകരുന്നു.ബിജിബാൽ, കപിൽ കപിലൻ, ജാനകി ഈശ്വർ, ശ്രീനന്ദ ശ്രീകുമാർ എന്നിവരാണ് ഗായകർബിജിഎംബിബിൻ അശോക്,ക്രിയേറ്റീവ് ഡയറക്ടർ രാജേഷ് കെ രാമൻ, എഡിറ്റിംഗ്സഫ്ദർ മർവ,മേക്കപ്പ്പ്രദീപ് ഗോപാലകൃഷ്ണൻ, വസ്ത്രാലങ്കാരം രതീഷ് കോട്ടുളി,ശബ്ദസംവിധാനം രതീഷ് വിജയൻ, കളറിസ്റ്റ്ലിജു പ്രഭാകർ, കലാസംവിധാനം ശ്രീജിത്ത് കോതമംഗലം, പ്രവീൺ ജാപ്സി,ചീഫ് അസോസിയേറ്റ് ഡയറക്ടർജംനാസ് മുഹമ്മദ്, അസോസിയേറ്റ് ഡയറക്ടർ യദുകൃഷ്ണ ദയകുമാർ,സ്റ്റിൽസ് രാകേഷ് നായർ, പോസ്റ്റർ ഡിസൈൻ സർവ്വകലാശാല, വിഎഫ്എക്സ് സ്റ്റുഡിയോസെവൻത് ഡോർ.കണ്ണൂർ,വയനാട്, എറണാകുളം,ചെന്നൈ, കൂർഗ് എന്നിവിടങ്ങളിലായിരുന്നു 'തണുപ്പി'ന്റെ ലോക്കേഷൻ.പി ആർ ഒ എ എസ് ദിനേശ്.




# ഒ കെ ഡിയർ

സൈജു കുറുപ്പ്, വിൻസി അലോഷ്യസ്, എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ സുബാഷ് കെ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ഒ കെ ഡിയർ എന്ന ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ മഞ്ജു വാര്യർ സോഷ്യൽ മീഡിയ പേജിലൂടെ റിലീസ് ചെയ്തു.സ്റ്റോറി ഹൗസ് പിക്ചേഴ്സിന്റെ ബാനറിൽ എലൻ എൻ, സുജിത്ത് കെ എസ് എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം വിഷ്ണു കെ എസ് നിർവ്വഹിക്കുന്നു.കോപ്രൊഡ്യൂസർ നജിഷ് മൂസ, പ്രണവ് പ്രശാന്ത്,എഡിറ്റർ ജോൺകുട്ടി,സംഗീതംബിബിൻ അശോക്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർലിജിൻ മാധവ്,ധനുഷ് ദിവാകർ,അജിത് പൂവത്ത്,പ്രൊഡക്ഷൻ കൺട്രോൾരാജൻ ഫിലിപ്പ്,പ്രൊഡക്ഷൻ ഡിസൈൻറിനേഷ് റെജി,കോസ്റ്റ്യൂംസ്സുജിത്ത് മട്ടന്നൂർ,മേക്കപ്പ്ജിത്തു പയ്യന്നൂർ,പോസ്റ്റർ ഡിസൈൻസെൽവ,പി ആർ ഒഎ എസ് ദിനേശ്.




# മുറ ഒക്ടോബർ 18 ന്

കപ്പേള എന്ന ചിത്രത്തിന് ശേഷം മുഹമ്മദ് മുസ്തഫ സംവിധാനം ചെയ്യുന്ന ചിത്രം 'മുറ' ഒക്ടോബർ 18 ന് തിയേറ്ററുകളിക്കെത്തും. സുരാജ് വെഞ്ഞാറമൂടും യുവ താരം ഹ്രിദ്ധു ഹാറൂണുമാണ് ചിത്രത്തിലെ കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. മാലാ പാർവതി, കനി കുസൃതി, കണ്ണൻ നായർ, ജോബിൻ ദാസ്, അനുജിത് കണ്ണൻ, യെദു കൃഷ്ണാ,വിഘ്നേശ്വർ സുരേഷ്, കൃഷ് ഹസ്സൻ, സിബി ജോസഫ് എന്നിവരാണ് മുറയിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. മുറയുടെ രചന നിർവഹിക്കുന്നത് ഉപ്പും മുളകും ഫെയിം സുരേഷ് ബാബുവാണ്.

നിർമ്മാണം : റിയാ ഷിബു,എച്ച് ആർ പിക്ചേഴ്സ്, എക്സിക്കുട്ടീവ് പ്രൊഡ്യൂസർ: റോണി സക്കറിയ, ഛായാഗ്രഹണം : ഫാസിൽ നാസർ, എഡിറ്റിംഗ് : ചമൻ ചാക്കോ, സംഗീത സംവിധാനം : ക്രിസ്റ്റി ജോബി, കലാസംവിധാനം : ശ്രീനു കല്ലേലിൽ , മേക്കപ്പ് : റോണെക്സ് സേവ്യർ, വസ്ത്രാലങ്കാരം : നിസാർ റഹ്മത്ത്, ആക്ഷൻ : പി.സി. സ്റ്റൻഡ്സ്, പ്രൊഡക്ഷൻ കൺട്രോളർ : ജിത്ത് പിരപ്പൻകോട്, പി ആർ ഓ : പ്രതീഷ് ശേഖർ.

# സമുദ്ര മലിനീകരണം ചർച്ച ചെയ്യാൻ ദേശീയ സമ്മേളനം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ മറൈൻ ബയോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 25 മുതൽ 27 വരെ "National Conference on Marine Pollution and Ecotoxicology എന്ന വിഷയത്തിൽ ദേശീയ സമ്മേളനം കൊച്ചിയിൽ നടക്കും. ലക്നൗവിലെ സിഎസ്ഐ ആർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടോക്സിക്കോളജി റിസർച്ച് കേന്ദ്രവും ഭൗമ ശാസ്ത്ര മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് എന്നിവയുടെ സഹകരണത്തോടെ നടത്തുന്ന ദേശീയ സമ്മേളനത്തിൽ ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമുള്ള മുപ്പതിൽ പരം ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ഉള്ള നാനൂറോളം ശാസ്ത്രഞ്ജരും ഗവേഷകരും വിദ്യാർത്ഥികളും പങ്കെടുക്കും. രാവിലെ 10 ന് കളമശേരിയിലെ കുസാറ്റ് സെമിനാർ ഹാളിൽ കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ സമ്മേളനം ഉദ്ഘാടനം ചെയ്യും.ഇന്ത്യയിൽ തന്നെ ആദ്യമായാണ് സമുദ്ര മലിനീകരണത്തെകുറിച്ച് ദേശീയ സമ്മേളനം നടക്കാൻ പോകുന്നത്.സമുദ്രത്തിലെയും തണ്ണീർതടങ്ങളിലെയും ഘനലോഹ മലിനീകരണം, കീടനാശിനികളുടെ മലിനീകരണം, പ്ലാസ്റ്റിക് മൈക്രോപ്ലാസ്റ്റിക് തുടങ്ങിവയുടെ മലിനീകരണം, അപകടകരമായ രാസപദാർഥങ്ങൾ ജലജീവികൾക്കു ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ സമ്മേളനം ചർച്ച ചെയ്യും. മലിനീകരണവുമായി ബന്ധപ്പെട്ടുള്ള ഇരുന്നൂറിലധികം പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നുണ്ട്. കടൽ ,കായൽ എന്നിവയിലെ മലിനീകരണ പ്രശ്നങ്ങളെ കുറിച്ചും അവയുടെ പരിഹാര മാർഗങ്ങളെ കുറിച്ചും തുറന്ന ചർച്ചകൾ ഉണ്ടാകും. വിവിധ ഗവേഷണ സ്ഥാപനങ്ങളിലെ വിദഗ്ധരും മലിനീകരണ നിയന്ത്രണ ബോർഡിലെ പ്രതിനിധികളും ചർച്ചയിൽ പങ്കെടുക്കും.സമ്മേളനത്തിൽ അവതരിപ്പിക്കുന്ന തിരഞ്ഞെടുക്കപ്പെടുന്ന ഗവേഷണ പ്രബന്ധങ്ങൾ അന്തരാഷ്ട്ര ശാസ്ത്ര ഗവേഷണ മാസിക ആയ ജേർണൽ ഓഫ് ഏർത് സിസ്റ്റം സയൻസിൽ പ്രസിദ്ധീകരിക്കും. നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്, ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ടോക്സിക്കോളജി റിസർച് , ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്,നാഷണൽ എൻവിറോണ്മെന്റൽ എൻജിനീയറിങ് റിസർച്ച് ഇൻസ്റ്റിട്യൂട്ട്, അമേരിക്കയിലെ വുഡ്ഹോൾ ഓഷ്യാനോഗ്രഫിക് ഇൻസ്റ്റിട്യൂട്ട് തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളിലെ ഇരുപതിൽ പരം ശാസ്ത്രജ്ഞരും പ്രബന്ധം അവതരിപ്പിക്കുന്നുണ്ട്. സെമിനാർ കോംപ്ലെക്സിൽ പ്രത്യേകമായി സജ്ജീകരിച്ച സ്റ്റാളുകളിൽ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവ പങ്കാളികളായി സമുദ്രശാസ്ത്ര പ്രദർശനം നടക്കും.സമുദ്രമാലിന്യ ഗവേഷണത്തിലും പരിസ്ഥിതി സംരക്ഷണത്തിലും പ്രധാന സംഭാവനകൾ നൽകിയ ശാസ്ത്രജ്ഞന്മാരായ ഡോ. എൻ. ബാലകൃഷ്ണൻ നായർ, ഡോ. എൻ. ആർ. മേനോൻ, ഡോ. അജ്മൽ ഖാൻ എന്നിവരുടെ പേരിലുള്ള മൂന്നു ദേശീയ പുരസ്കാരങ്ങൾ തിരഞ്ഞെടുക്കപ്പെടുന്ന മൂന്നു മുതിർന്ന ശാസ്ത്രജ്ഞർക്കു നൽകും.

# 9.83 കോടിയുടെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിക്കും

**കോട്ടയം:** സർക്കാരിന്റെ 100ദിന കർമ്മ പരിപാടിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം ഇന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും. രാവിലെ 10 മണിക്ക് വാഴൂർ ആയുർവേദ ഡിസ്പെൻസറി മന്ദിരത്തിന്റെ ഉദ്ഘാടനം, 11 മണിക്ക് വാഴപ്പള്ളി കുടുംബാരോഗ്യ കേന്ദ്രം മന്ദിര ഉദ്ഘാടനം, 12 മണിക്ക് പുനർജനി പദ്ധതി ഉദ്ഘാടനം, ഉച്ചയ്ക്ക് 2 മണിക്ക് ജനറൽ ആശുപത്രി പബ്ലിക് ഹെൽത്ത് ലാബ് മന്ദിരം, വൈകുന്നേരം 3 മണിക്ക് കോട്ടയം മെഡിക്കൽ കോളേജിലെ വിവിധ പദ്ധതികളുടെ ഉദ്ഘാടം എന്നിവ നിർവഹിക്കും. മന്ത്രി വി.എൻ വാസവൻ, ചീഫ് വിപ്പ് എൻ. ജയരാജ്, ജോബ് മൈക്കിൾ, തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവർ വിവിധ പരിപാടികളിൽ അധ്യക്ഷത വഹിക്കും.

30 ലക്ഷം രൂപ വിനിയോഗിച്ചാണ് വാഴൂർ ആയുർവേദ ഡിസ്പെൻസറി പുതിയ ഒപി കെട്ടിടം സജ്ജമാക്കിയത്. 1.45 കോടി രൂപ ചെലവഴിച്ചാണ് 4500 ചതുരശ്ര അടി വിസ്തൃതിയിൽ വാഴപ്പള്ളി കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ ഒ.പി. ബ്ലോക്ക് നിർമ്മിച്ചിരിക്കുന്നത്. വെള്ളപ്പൊക്ക ഭീക്ഷണിയെ പ്രതിരോധിക്കാവുന്ന രീതിയിലാണ് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്.

അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർക്ക് ജീവൻരക്ഷാ മരുന്നുകൾ സൗജന്യമായി നൽകുന്നതിനുള്ള പദ്ധതിയാണ് പുനർജനി. അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർക്കും അവരുടെ കുടുംബങ്ങൾക്കും ആശ്വാസകരമാകുന്ന രീതിയിൽ ജീവരക്ഷാ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നതിനായി കോട്ടയം ജില്ലാ പഞ്ചായത്താണ് കോട്ടയം ജനറൽ ആശുപത്രി വഴി പുനർജനി നടപ്പാക്കുന്നത്. 30 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. കോട്ടയം ജനറൽ ആശുപത്രിയിൽ 1.25 കോടി രൂപ ചെലവഴിച്ചാണ് പബ്ലിക് ഹെൽത്ത് ലാബ് സജ്ജമാക്കിയത്. ബയോകെമിസ്ട്രി, പതോളജി, മൈക്രോ ബയോളജി ഡിപ്പാർട്ട്മെന്റുകളിൽ നടക്കുന്ന ലബോറട്ടറി പരിശോധനകൾ ഇനി മുതൽ ഇവിടെ സാധ്യമാകും. നിപ, കോവിഡ് പോലുള്ള സംക്രമിക രോഗങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ലെവൽ 2 തലങ്ങളിൽ നടക്കുന്ന ലബോറട്ടറി പരിശോധനകൾ, ഹബ് & സ്പോക്ക് രീതിയിൽ ലബോറട്ടറി പരിശോധനകൾ എന്നിവ ഇവിടെ നടത്തുവാൻ സാധിക്കും എന്നുള്ളത് ഇതിന്റെ പ്രത്യേകതയാണ്.

കോട്ടയം മെഡിക്കൽ കോളേജിൽ 20 ലക്ഷം രൂപ ചെലവഴിച്ചുള്ള മെയിൻ അലുമ്നി ഗേറ്റ്, 25 ലക്ഷം രൂപ ചെലവഴിച്ചുള്ള കൂട്ടിരിപ്പുകാരുടെ വിശ്രമ കേന്ദ്രം, 80 ലക്ഷം ചെലവഴിച്ചുള്ള സൈക്കോ സോഷ്യൽ റിഹാബ് ഏരിയ, 96 ലക്ഷം രൂപ ചെലവഴിച്ചുള്ള ഡോണർ ഫ്രണ്ട്ലി ബ്ലഡ് സെന്ററും അക്കാഡമിക് ഏരിയയും, അത്യാഹിത വിഭാഗം ഗേറ്റിന്റെ ശിലാസ്ഥാപനം, ജോൺ ബ്രിട്ടാസിന്റെ എംപി ഫണ്ടിൽ നിന്നുള്ള 98 ലക്ഷം ചെലവഴിച്ചുള്ള ഉപകരണങ്ങൾ, 1.85 കോടി രൂപ ചെലവഴിച്ചുള്ള അത്യാഹിത വിഭാഗത്തിലെ ലിഫ്റ്റ് ടവർ, 50 ലക്ഷം ചെലവഴിച്ച് സൂപ്രണ്ട് ഓഫീസിലെ ഫയൽ റെക്കോർഡ് ലൈബ്രറി എന്നിവയുടെ ഉദ്ഘാടനങ്ങളാണ് നടക്കുന്നത്.

# ഓൺലൈൻ കോഴ്സുകൾ ആരംഭിച്ച് ഐഐടി മദ്രാസ്

**കൊച്ചി:** ഐഐടി മദ്രാസിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി ഡാറ്റ സയൻസ്&എഐ, ഇലക്ട്രോണിക് സിസ്റ്റംസ് എന്നിവയിൽ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിച്ചു. ഉന്നത വിദ്യാഭ്യാസത്തിനും തൊഴിലിനും മികച്ച തിരഞ്ഞെടുപ്പ് നടത്താൻ വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ആരംഭിച്ച 'ഐഐടിഎം സ്!കൂൾ കണക്റ്റ്' പ്രോഗ്രാമിന്റെ ഭാഗമായാണ് ഇതെന്ന് അധികൃതർ അറിയിച്ചു. ഐഐടി മദ്രാസ് പ്രൊഫസർമാരാണ് സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ഈ കോഴ്സുകൾ പ്രത്യേകം തയ്യാറാക്കിയത്. ഓൺലൈനായി പഠിപ്പിക്കുന്ന കോഴ്സുകൾ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഈ മേഖലയെക്കുറിച്ച് അറിവ് നൽകാനും, ഉന്നത വിദ്യാഭ്യാസത്തെയും കരിയർ പാതകളെയും കുറിച്ച് തീരുമാനങ്ങൾ എടുക്കാനും സഹായിക്കും.ഒക്ടോബർ 21ന് ആരംഭിക്കുന്ന ബാച്ചിൻറെ രജിസ്ട്രേഷൻ ഇതിനകം ആരംഭിച്ചു. താൽപ്പര്യമുള്ള സ്!കൂളുകൾക്ക് https://schoolconnect.study.iitm.ac.in/ ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. എട്ട് ആഴ്ച്ച ദൈർഘ്യം വരുന്ന കോഴ്സുകളാണ്. പങ്കാളികളാകുന്ന സ്കൂളുകളിലെ തക, തകക ക്ലാസുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും ഈ സർട്ടിഫിക്കേഷൻ പ്രോഗ്രാമുകളിൽ ചേരാവുന്നതാണെന്നും അധികൃതർ വ്യക്തമാക്കി.



# ഭാരതീയ കിസാൻ സംഘ് സംസ്ഥാന പ്രവർത്തക സമ്മേളനം

**കൊച്ചി:** ഭാരതീയ കിസാൻ സംഘ് സംസ്ഥാന പ്രവർത്തക സമ്മേളനം ഇന്ന് എറണാകുളം ഭാസ്ക്കരീയം കൺവെൻഷൻ സെന്ററിൽ നടക്കുമെന്ന് സംസ്ഥാന അധ്യക്ഷൻ ഡോ. അനിൽ വൈദ്യ മംഗലം, സംസ്ഥാന ജനറൽ സെക്രട്ടറി ഇ. നാരായണൻ കുട്ടി എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. രാവിലെ 10.30 ന് നടക്കുന്ന സമ്മേളനം ഭാരതീയ കിസാൻ സംഘ് അഖില ഭാരതീയ ജനറൽ സെക്രട്ടറി മോഹിനി മോഹൻ മിശ്ര ഉദ്ഘാടനം ചെയ്യും. ഡോ. അനിൽ വൈദ്യമംഗലം അധ്യക്ഷത വഹിക്കും. അഖില ഭാരതീയ ഉപാധ്യക്ഷൻ ടി.പെരുമാൾ, പി ആർ ശശിധരൻ, സി.എച്ച് രമേശ്, ഡോ. ആശാ ലത, ഡോ.സുരേഷ് കുമാർ, അഡ്വ. രതീഷ് ഗോപാൽ, കെ.ഗോവിന്ദൻകുട്ടി, പി. മുരളീധരൻ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ സംസാരിക്കും.



# ഫിലിം ചേമ്പറിനു മുന്നിൽ ധർണ നടത്തും: ഐ.എഫ്.എം.എ

**കൊച്ചി:** ഇന്ത്യൻ ഫിലിം മേക്കേഴ്സ് അസോസിയേഷൻ (ഐ.എഫ്.എം.എ)ന്റെയും ബചസിന്റെയും നേതൃത്വത്തിൽ ഹേമ കമ്മിറ്റി റിപ്പോർട്ടിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഫിലിം ചേമ്പറിനു മുന്നിൽ ഇന്ന് ധർണയും വാഹന ജാഥയും നടത്തുമെന്ന് ഇന്ത്യൻ ഫിലിം മേക്കേഴ്സ് അസോസിയേഷൻ കേരള ചാപ്റ്റർ ഫൗണ്ടർ സോളമൻ കുര്യൻ, സംസ്ഥാന സെക്രട്ടറി എം.ഡി കൃഷ്ണകുമാർ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സിനിമാ വ്യവസായത്തെ സംരക്ഷിക്കുക,തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുക, തൊഴിലിടങ്ങളിൽ സ്ത്രീസംരക്ഷണം ഉറപ്പാക്കുക എന്നിവ ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ചാണ് ധർണ നടത്തുന്നത്. കാക്കനാട് എൻ.ജി.ഒ ക്വാർട്ടേഴ്സ് ജംഗ്ഷനു മുന്നിൽ നിന്നും ആരംഭിക്കുന്ന ജാഥയ്ക്ക് പാലാരിവട്ടം, കലൂർ സ്റ്റേഡിയം എന്നിവടങ്ങളിൽ സ്വീകരണം നൽകുമെന്നും ഇവർ അറിയിച്ചു. അസോസിയേഷൻ ജോയിന്റ് സെക്രട്ടറി കെ പി റെജി, പി പി ജോസ്, അമ്പിളി എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.



**ആലുവ മീഡിയ ക്ലബ്ബ് ഓണാഘോഷവും വാർഷിക പൊതുയോഗവും ബെന്നി ബെഹനാൻ എം.പി. ഉദ്ഘാടനം ചെയ്യുന്നു**

# ആലുവ മീഡിയ ക്ലബ്ബ് ഓണാഘോഷം

**ആലുവ:** ആലുവ മീഡിയ ക്ലബ്ബ് ഓണാഘോഷവും വാർഷിക പൊതുയോഗവും ബെന്നി ബെഹനാൻ എം.പി. ഉദ്ഘാടനം ചെയ്തു. ക്ലബ്ബ് പ്രസിഡന്റ് ജോസി പി.ആൻഡ്രൂസ് അധ്യക്ഷനായി. ആലുവ നഗരസഭ ചെയർമാൻ എം.ഒ. ജോൺ, ആലുവ അർബൻ ബാങ്ക് ചെയർമാൻ അഡ്വ.ബി.എ. അബ്ദുൾ മുത്തലീബ്, എം.ജി. സുബിൻ, എസ്.എ. രാജൻ എന്നിവർ സംസാരിച്ചു. ചലച്ചിത്ര താരവും എഴുത്തുകാരനും വ്യവസായിയുമായ റോയൽ റഫീക്ക്, സാമൂഹിക പ്രവർത്തകൻ ജോസ് മാവേലി, വ്യവസായി ജോർജ്ജ് ജോൺ വാലത്ത് എന്നിവർക്ക് മീഡിയ ക്ലബ്ബ് പുരസ്കാരങ്ങൾ വിതരണം ചെയ്തു. ഭാരവാഹികളായി എം.പി. ജോസഫ് (പ്രസി.), റഫീക്ക് അഹമ്മദ് (ജന. സെക്ര.), എം.പി. നിത്യൻ (ട്രഷ.), ബേബി കരുവേലിൽ, കെ.കെ. അബ്ദുൾ സലാം (വൈസ് പ്രസി.), ബോബൻ ബി.കിഴക്കേത്തറ, എ.എ. സഹദ് (ജോയിന്റ് സെക്ര.), സാബു പരിയാരത്ത്, കെ.സി. സ്മിജൻ (എക്സി. അംഗങ്ങൾ). ഓണാഘോഷവും വിദ്യാഭ്യാസ പുരസ്കാര വിതരണവും ഉണ്ടായിരുന്നു.

# യൂണികോൺ ഇന്ത്യയിൽ നിന്ന് വെൻറപ്പ് സ്റ്റാർട്ടപ്പ് സീഡ് ഫണ്ട് സ്വരൂപിച്ചു

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷനുകീഴിൽ ബംഗളുരു ആസ്ഥാനമായി നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന വെൻറപ്പ് സ്റ്റാർട്ടപ്പ് യൂണികോൺ ഇന്ത്യ വെഞ്ചേഴ്സിൽ നിന്ന് സീഡ് ഫണ്ട് സമാഹരിച്ചു. വെൻറപ്പ് വെഞ്ചേഴ്സിൻറെ സഹസ്ഥാപകനും സിഇഒയുമായ സന്ദീപ് നായർ, വെൻറപ്പ് സഹസ്ഥാപകരായ എം. വസീം അങ്ക്ലി (സിഒഒ), ജോസഫ് പനക്കൽ (സിഎംഒ) എന്നിവരാണ് സ്റ്റാർട്ടപ്പിന് പിന്നിൽ. ബിസിനസ് വളർച്ചയ്ക്കും സ്വദേശിവൽക്കരണ പ്രോഗ്രാം മാനേജ്മെൻറിനുള്ള സാങ്കേതിക വികസനത്തിനുമായാണ് കമ്പനിയ്ക്ക് സീഡ് ഫണ്ട് ലഭിച്ചതെന്ന് വെന്റപ്പ് വെഞ്ചേഴ്സിന്റം സഹസ്ഥാപകനും സിഇഒയുമായ സന്ദീപ് നായർ പറഞ്ഞു

നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട എംഎസ്എംഇകളെ ഒരൊറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ച് വിപ്ലവം സൃഷ്ടിക്കാനുള്ള കമ്പനിയുടെ ശ്രമങ്ങൾക്ക് സീഡ് ഫണ്ടിംഗ് സഹായകരമാകും. എയ്റോസ്പേസ്, ഗ്രീൻ ഹൈഡ്രജൻ, കപ്പൽ നിർമ്മാണം തുടങ്ങി വിവിധ മേഖലകളിലെ നെറ്റ്വർക്കിംഗ് ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വെൻറപ്പ് സ്റ്റാർട്ടപ്പ് 2023 ലാണ് പ്രവർത്തനം ആരംഭിച്ചത്. ആഗോള ഉപഭോക്താക്കൾക്ക് ഇന്ത്യയിൽ നിന്ന് ഗുണനിലവാരമുള്ള മികച്ച ഉത്പന്നങ്ങൾ ലഭ്യമാക്കുന്നതിന് ഒരൊറ്റ പ്ലാറ്റ്ഫോം സൃഷ്ടിക്കാനാണ് വെന്റപ്പ് ലക്ഷ്യമിടുന്നതെന്നും സന്ദീപ് നായർ പറഞ്ഞു. രാജ്യത്തെ ഒരു ആഗോള ഉത്പാദന കേന്ദ്രമാക്കി മാറ്റുന്നതിന് ഇത് കാരണമാകും. നിർമ്മാണ മേഖലയിൽ ഇറക്കുമതി ചെയ്ത ഘടകങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിലൂടെയും നിർണായക പ്രോജക്റ്റുകളിൽ പ്രാദേശികവത്ക്കരണം വർദ്ധിപ്പിക്കുന്നതിനുള്ള സർക്കാർ സംരംഭങ്ങളുടെ ഭാഗമാകുന്നതിലൂടെയും ഈ മേഖലയിലെ പ്രധാന വെല്ലുവിളികളെ നേരിടാൻ വെൻറപ്പ് പ്രാപ്തമാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

2016ൽ സ്ഥാപിതമായ യൂണികോൺ ഇന്ത്യ വളർന്നുവരുന്നതും ദീർഘവീക്ഷണമുള്ളതുമായ സ്റ്റാർട്ടപ്പുകളിൽ മൂലധനം നിക്ഷേപിക്കുന്ന ഒരു സാങ്കേതികകേന്ദ്രീകൃത പ്രാരംഭഘട്ട വെഞ്ചർ ഫണ്ടാണ്. ഊർജ്ജം, ഇവി, എയ്റോസ്പേസ്, പ്രതിരോധ മേഖലകളിലെ നിർണായക എഞ്ചിനീയറിംഗ് പരിഹാരങ്ങളുടേയും സങ്കീർണ്ണമായ ഘടകങ്ങളുടെയും പ്രാദേശിക ഉത്പാദനമാണ് വെൻറപ്പ് വാഗ്ദാനം ചെയ്യുന്നതെന്ന് സിഒഒ എം. വസീം അങ്ക്ലി പറഞ്ഞു.

മിഡിൽ ഈസ്റ്റ്, ആഫ്രിക്ക, യൂറോപ്പ്, വടക്കേ അമേരിക്ക എന്നിവിടങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അന്താരാഷ്ട്ര വിപണികളിലേക്ക് പ്രവേശിക്കുന്നതിന് കമ്പനി പദ്ധതിയിടുന്നതായി സിഎംഒ ജോസഫ് പനക്കൽ അറിയിച്ചു. ഈ മേഖലയിൽ ആഗോളതലത്തിൽ പങ്കാളിത്തം വളർത്താനും ഇന്ത്യൻ നിർമ്മിത ഘടകങ്ങളുടെ മുൻനിര കയറ്റുമതിക്കാരൻ എന്ന സ്ഥാനം ഉറപ്പിക്കാനുമാണ് ശ്രമമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഒരു വർഷത്തിനുള്ളിൽ മികച്ച ടീമിനെ കെട്ടിപ്പടുക്കുക, വൈവിധ്യമാർന്ന ഉപഭോക്താക്കളെ ആകർഷിക്കുക, പുതിയ വിപണികളിലേക്ക് കമ്പനിയെ വിപുലീകരിക്കുക എന്നിവയിലൂടെ വരുമാനം അഞ്ചിരട്ടി വർദ്ധിപ്പിക്കാൻ കമ്പനി ലക്ഷ്യമിടുന്നു. കൂടാതെ 50 പുതിയ ഉപഭോക്താക്കളെ അതിൻറെ പ്ലാറ്റ്ഫോമിലേക്ക് ചേർക്കാനും വെൻറപ്പ് ലക്ഷ്യമിടുന്നുണ്ട്.




# ഇന്ത്യൻ നഗരങ്ങളിൽ റോഡ് ഷോയുമായി ടൂറിസം മലേഷ്യ

**തിരുവനന്തപുരം:** വിനോദ സഞ്ചാരികളേയും ടൂറിസം സംരംഭകരേയും ആകർഷിക്കാൻ നാലു പ്രധാന ഇന്ത്യൻ നഗരങ്ങളിൽ റോഡ് ഷോയുമായി മലേഷ്യയിലെ ടൂറിസം വകുപ്പ്.

ടൂറിസം മലേഷ്യ ഒരുക്കുന്ന റോഡ് ഷോയ്ക്ക് തിരുവനന്തപുരത്ത് തുടക്കമായി. മലേഷ്യൻ ഇന്ത്യൻ ട്രാവൽ ആന്റ് ടൂർസ് അസോസിയേഷനുമായി കൈകോർത്താണ് ഇന്ത്യയിലുടനീളം റോഡ്ഷോകൾ സംഘടിപ്പിക്കുന്നത്. സെപ്തംബർ 25ന് കൊൽക്കത്ത, 27ന് ഭുവനേശ്വർ, 30ന് ഗുവാഹത്തി എന്നിവിടങ്ങളിലും ടൂറിസം മലേഷ്യയുടെ റോഡ് ഷോ അരങ്ങേറും. വൈവിധ്യമാർന്ന ടൂറിസം ഓഫറുകളുമായി ഇന്ത്യയിലെ ട്രാവൽ വിപണിയിൽ സാന്നിധ്യം ശക്തമാക്കുകയും ട്രാവൽ ഏജന്റുമാരുമായുള്ള ബന്ധം പരിപോഷിപ്പിക്കുകയുമാണ് റോഡ് ഷോയുടെ ലക്ഷ്യമെന്ന് ടൂറിസം മലേഷ്യ ഡൽഹി ഡയറക്ടർ അഹ്മദ് ജോഹനിഫ് മുഹമ്മദ് അലി പറഞ്ഞു.ഇന്ത്യയിലെ ട്രാവൽ ഏജന്റുമാരുമായി നേരിട്ട് ബന്ധപ്പെടാനുള്ള തന്ത്രപ്രധാന പദ്ധതിയാണ് ഞങ്ങളുടെ റോഡ് ഷോ. മലേഷ്യയുടെ ആകർഷകമായ സംസ്കാരവും, വേറിട്ട അതിഥിസൽക്കാര രീതികളും മനോഹര ഭൂപ്രദേശങ്ങളും വിനോദ സഞ്ചാരികൾക്കായി അവതരിപ്പിക്കും. മലേഷ്യയിലെ ടൂറിസം സംബന്ധിച്ച ഏറ്റവും പുതിയ വിവരങ്ങൾ ട്രാവൽ ഏജന്റുമാർക്ക് ലഭിക്കുന്നുവെന്നും ഉറപ്പാക്കും,' മലേഷ്യയിലെ പ്രമുഖരായ 25 ഹോട്ടൽ കമ്പനികളും ട്രാവൽ ഏജന്റുമാരും ഈ റോഡ് ഷോയിൽ പങ്കെടുക്കുന്നുണ്ട്. ഇന്ത്യയിൽ ട്രാവൽ രംഗത്തുള്ള ബിസിനസുകാർക്ക് ഇവരുമായി നേരിട്ട് ചർച്ചകൾ നടത്താനും ബിസിനസ് സഹകരണമുണ്ടാക്കാനും പുതിയ അവസരങ്ങൾ കണ്ടെത്താനും വഴിയൊരുക്കും. ആഗോള ട്രാവൽ ഡെസ്റ്റിനേഷനുകളിൽ മലേഷ്യയെ മുൻനിരയിലെത്തിക്കാൻ ലക്ഷ്യമിട്ടുള്ള 'വിസിറ്റ് മലേഷ്യ 2026' എന്ന വിപുലമായ പ്രചാരണ പരിപാടികൾക്ക് മുന്നോടി ആയാണ് ഈ റോഡ്ഷോകൾ സംഘടിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.




# കിംസ് ആശുപത്രി നാഗർകോവിലിൽ പ്രവർത്തനമാരംഭിച്ചു

**നാഗർകോവിൽ:** കിംസ് ഹെൽത്ത് തമിഴ്നാട്ടിലേക്കും പ്രവർത്തനം വ്യാപിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി നാഗർകോവിലിൽ അത്യാധുനിക സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന ആശുപത്രി തുറന്നു. തമിഴ്നാട് വ്യവസായ വകുപ്പ് മന്ത്രി ടി ആർ ബി രാജ ആശുപത്രിയുടെ ഉദ്ഘാടനം നിർവഹിച്ചു. ആരോഗ്യ മന്ത്രി എം സുബ്രഹ്മണ്യൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ക്ഷീരവികസന വകുപ്പ് മന്ത്രി മനോ തങ്കരാജ്, കിംസ് ഹെൽത്ത് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. എം ഐ സഹദുള്ള, ക്വാളിറ്റി കെയർ ഗ്രൂപ്പ് എംഡി വരുൺ ഖന്ന എന്നിവർ പങ്കെടുത്തു.




# പൈസസേവ് ക്യാഷ്ബാക്ക് ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ചു

**കൊച്ചി:** കൺസ്യൂമർ ക്രെഡിറ്റ്, സൗജന്യ ക്രെഡിറ്റ് സ്കോർ സേവനങ്ങൾ തുടങ്ങിയവ നൽകുന്ന രാജ്യത്തെ ഏറ്റവും വലിയ ഓൺലൈൻ വിപണന സ്ഥാപനമായ പൈസബസാറും യെസ് ബാങ്കും ചേർന്ന് യെസ് ബാങ്ക് പൈസബസാർ പൈസസേവ് ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ചു.ആമസോൺ, മിന്ത്ര, ഫ്ളിപ്കാർട്ട്, നൈക, സ്വിഗ്ഗി, സൊമാറ്റോ, ടാറ്റ ക്ലിക്, അജിയോ തുടങ്ങിയ പ്രമുഖ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ മൂന്നു ശതമാനം ക്യാഷ്ബാക്ക് ലഭിക്കും. പ്രതിമാസ ക്യാഷ്ബാക്ക് പരിധിയായ 5000 രൂപ എത്തിയ ശേഷം തുടർന്നുള്ള ഓൺലൈൻ വാങ്ങലുകൾക്ക് 1.5 ശതമാനം ക്യാഷ്ബാക്കും ലഭിക്കും. ഓഫ്ലൈൻ വാങ്ങലുകൾക്ക് പരിധിയില്ലാതെ 1.5 ശതമാനം ക്യാഷ്ബാക്ക് ലഭിക്കും. എല്ലാ ഫ്യൂവൽ സ്റ്റേഷനുകളിലും ഒരു ശതമാനം ഇന്ധന സർചാർജ് ഇളവും ലഭിക്കുമെന്ന് യെസ് ബാങ്ക് ക്രെഡിറ്റ് കാർഡ്സ് ആൻറ് മർച്ചൻറ് അക്വയറിങ് കൺട്രി ഹെഡ് അനിൽ സിങ് പറഞ്ഞു.

## സോണി ഇന്ത്യ ബ്രാവിയ തിയറ്റർ യു അവതരിപ്പിച്ചു



**കൊച്ചി:** സോണി ഇന്ത്യ അത്യാധുനിക ഹോം എൻറർടെയ്ൻമെൻറ് സൊല്യൂഷനായ ബ്രാവിയ തിയേറ്റർ യു അവതരിപ്പിച്ചു. കഴുത്തിനും തോളിനും വിശ്രമം ഉറപ്പാക്കുന്ന സുരക്ഷിതമായ ഫിറ്റോടുകൂടിയ ഭാരം കുറഞ്ഞ ഡിസൈനിലാണ് ബ്രാവിയ തിയറ്റർ യു വരുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.12 മണിക്കൂർ ബാറ്ററി ലൈഫാണ് വാഗ്ദാനം. ക്വിക്ക് ചാർജ് ഫീച്ചറുള്ളതിനാൽ വെറും 10 മിനിറ്റ് ചാർജിൽ ഒരു മണിക്കൂർ അധിക സമയവും ലഭിക്കും. 360 സ്പേഷ്യൽ സൗണ്ട്, എക്സ്ബാലൻസ്ഡ് സ്പീക്കർ യൂണിറ്റ്, മൾട്ടിപോയിൻറ് കണക്ഷൻ, വോയ്സ് പിക്കപ്പ് ടെക്നോളജി എന്നിവയാണ് മറ്റു സവിശേഷതകൾ. ബ്രാവിയ തിയേറ്റർ യു (എച്ച്ടിഎഎൻ7) മോഡൽ 2024 സെപ്റ്റംബർ 23 മുതൽ സോണി സെൻററുകൾ, സോണി അംഗീകൃത ഡീലർമാർ, ഇകൊമേഴ്സ് വെബ്സൈറ്റുകൾ (ആമസോൺ, ഫ്ളിപ്കാർട്ട്), ഇന്ത്യയിലെ പ്രമുഖ ഇലക്ട്രോണിക് സ്റ്റോറുകൾ എന്നിവയിലുടനീളം ലഭ്യമാകും. 24,990 രൂപയാണ് വില.

# വനിതകൾക്കായുള്ള ആദ്യ എക്സ്ക്ലൂസീവ് പ്രീമിയം ഹാൻഡ്ബാഗ് സ്റ്റോർ തുറന്നു

**കൊച്ചി:** ടൈറ്റനിൽ നിന്നുള്ള പ്രീമിയം ഹാൻഡ് ബാഗ് ബ്രാൻഡ് ആയ എർത്ത് മുംബൈയിൽ തങ്ങളുടെ ആദ്യ എക്സ്ക്ലൂസീവ് ഷോറൂം ആരംഭിച്ചു. പ്രൈം ഷോപിങ് കേന്ദ്രമായ മുംബൈയിലെ പല്ലാഡിയം മാളിൽ അതി ഗംഭീരമായി തയ്യാറാക്കിയ ഹാൻഡ്ബാഗ് ശേഖരവുമായി ഉപഭോക്താക്കളെ സ്വാഗതം ചെയ്യാൻ ബ്രാൻഡ് തയ്യാറായി കഴിഞ്ഞു.

2022 ഒക്ടോബറിൽ ബ്രാൻഡ് അവതരിപ്പിച്ച ശേഷം 50 പട്ടണങ്ങളിലെ 130 വൻ സ്റ്റോറുകളിലൂടേയും ഓൺലൈനിലൂടേയും ബ്രാൻഡ് അതിൻറെ സാന്നിധ്യം വിപുലമാക്കിക്കൊണ്ടിരിക്കുകയാണ്. എർത്ത് ബാഗുകൾക്ക് 90,000ത്തിൽ ഏറെ ഉപഭോക്താക്കളാണ് നിലവിലുള്ളത്. വനിതാ ഹാൻഡ് ബാഗ് വിഭാഗത്തിൽ 2023 മുതൽ 2028 വരെ പത്തു ശതമാനം സംയോജിത വാർഷിക വളർച്ചയുമായി 7500 കോടി രൂപയിലേക്കു വളരുമെന്നാണ് പ്രതീക്ഷിക്കുന്നത്. വനിതകളുടെ ഹാൻഡ് ബാഗ് മുതൽ വർക്ക് ബാഗ് വരെയുള്ള ടോൾ ടോട്ടേകളും ഷോൾഡർ ബാഗുകളും സ്ലിങുകളും ക്രോസ് ബോഡി ബാഗുകളും ക്ലച്ചുകളുടെ വോലെറ്റുകളും എല്ലാം അടങ്ങിയതാണ് എർത്തിൻറെ ഉത്പന്ന ശ്രേണി.

യഥാർത്ഥ ലതറിൽ 5995 മുതൽ 10995 രൂപ വരെയുള്ള വിലയിലാണ് അതുല്യമായ ഉത്പന്നങ്ങൾ എർത്ത് ലഭ്യമാക്കിയിരിക്കുന്നത്. മിനി ലെതർ ഡിലൈറ്റുകൾ 295 രൂപ മുതൽ 1995 രൂപ വരെയുള്ള അവതരണ വിലയിലും ലഭ്യമാണ്.




ഇന്ത്യയുടെ ഷാഷൻഷോപിങ് കേന്ദ്രമായ മുംബൈയിൽ തങ്ങളുടെ എക്സ്ക്ലൂസീവ് ഷോറുമിനു തുടക്കം കുറിക്കുന്നതിൽ ആഹ്ളാദമുണ്ടെന്ന് ടൈറ്റൻ കമ്പനി ഫ്രാഗ്രൻസ് ആൻറ് അസസ്സറീസ് വിഭാഗം സിഇഒ മനീഷ് ഗുപ്ത പറഞ്ഞു. സുപ്രധാന മേഖലകളിൽ പ്രവർത്തനമാരംഭിച്ച് ബ്രാൻഡിൻറെ സാന്നിധ്യം വിപുലമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം അതുല്യമായ ഷോപിങ് അനുഭവങ്ങളും പ്രദാനം ചെയ്യും. സ്റ്റോറുകളിലൂടേയും ഓൺലൈനിലൂടേയും ഉപഭോക്തൃ നിര വിപുലമാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിപണിയിലെ അനുകൂല സാഹചര്യങ്ങളും തങ്ങളുടെ ഉൽപന്നങ്ങളോടുള്ള ആവേശകരമായ പ്രതികരണവും കണക്കിലെടുക്കുമ്പോൾ എർത്തിൻറേയും ഫാസ്റ്റ്ട്രാക്കിൻറേയും ബാഗുകൾക്ക് 2027 സാമ്പത്തിക വർഷത്തോടെ 1000 കോടിയിലേറെ വരുമാനമാണ് തങ്ങൾ പ്രതീക്ഷിക്കുന്നതെന്നും ഗുപ്ത പറഞ്ഞു.

# പുതിയ കളർ ലേസർജെറ്റ് പ്രോ പ്രിന്ററുകൾ പുറത്തിറക്കി എച്ച്.പി



**കൊച്ചി:** ഓഫീസ് ആവശ്യങ്ങൾക്കായി അനുയോജ്യമായ പുതിയ കളർ ലേസർജെറ്റ് പ്രോ 3000 സീരീസ് പ്രിന്ററുകൾ അവതരിപ്പിച്ച് എച്ച്.പി. ഊർജ്ജക്ഷമതയ്ക്ക് പേരെടുത്ത ടെറാജെറ്റ് ടോണർ സാങ്കേതികവിദ്യ ഉപയോഗിച്ച് കൃത്യതയാർന്ന നിറങ്ങളും ഉയർന്ന പ്രിന്റിങ് വേഗതയും കളർ ലേസർജെറ്റ് പ്രോ 3000 സീരീസ് ഉറപ്പുതരുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ബിസിനസ് ആവശ്യങ്ങൾക്ക് അനുയോജ്യമായി, സിംഗിൾ ഫങ്ഷൻ കളർ ലേസർജെറ്റ് പ്രോ പ്രിന്റർ 3203ഡി.ഡബ്ള്യു, മൾട്ടി ഫങ്ഷൻ കളർ ലേസർജെറ്റ് പ്രോ പ്രിന്റർ 3303ഡി.ഡബ്ള്യു എന്നീ രണ്ട് മോഡലുകളാണ് പുറത്തിറക്കിയത്. 40,000 പേജുകൾ വരെ ഈടുനിൽക്കുന്ന നീണ്ട ആയുസ് എച്ച്.പി ഉറപ്പുനൽകുന്നു. ഒരു ടോണറിൽ 1300 ബ്ലാക്ക് പേജുകളും 1200 കളർ പേജുകളും പ്രിന്റെടുക്കാൻ കഴിയും.ഡ്യൂപ്ളെക്സ് പ്രിന്റിങ് സംവിധാനം, സുഗമമായ ഓട്ടോമാറ്റിക് ഡോക്യുമെന്റ് ഫീഡർ, എച്ച്.പി സ്മാർട്ട് ആപ്പ്, എച്ച്.പി വോൾഫ് പ്രോ സെക്യൂരിറ്റി, ആവശ്യമില്ലാത്ത സമയത്ത് തനിയെ ഓഫ് ആവുകയും പ്രിന്റ് ചെയ്യാനുള്ള നിർദേശമെത്തുമ്പോൾ തനിയെ ഓൺ ആവുകയും ചെയ്യുക എന്നീ പ്രത്യേകതകളുമുണ്ട്. 50,304 രൂപയാണ് കളർ ലേസർജെറ്റ് പ്രോ പ്രിന്റർ 3203 ഡി.ഡബ്ള്യുവിന്റെ വില. കളർ ലേസർജെറ്റ് പ്രോ പ്രിന്റർ 3303 ഡി.ഡബ്ള്യുവിനു വില 61,181 രൂപയാണ്.




## ജയ്പൂർ റഗ്സ് റഗ് ഉത്സവിന്റെ പുതിയ പതിപ്പ് പ്രഖ്യാപിച്ചു

**കൊച്ചി :** ജയ്പൂർ റഗ്സ് റഗ് ഉത്സവിന്റെ പുതിയ പതിപ്പ് പ്രഖ്യാപിച്ചു. പ്രദേശിക ഇന്ത്യയുടെ മികവിനെ ലോകത്തിന് മുന്നിൽ വിരിച്ചുകാട്ടുന്ന തരത്തിലുള്ളൊരു ഇവന്റാണിത്. ഒരു മാസം നീണ്ടുനിൽക്കുന്ന റഗ് ഉത്സവിൽ കൈത്തറി പരവതാനികളുടെയും മറ്റും വിപുലമായ ശേഖരമാണ് ഒരുക്കിയിരിക്കുന്നത്. കഴിഞ്ഞ വർഷം നടത്തിയ ഇവന്റിൽ 15 കോടി രൂപയുടെ വിൽപ്പന നേടിയെങ്കിൽ ഇത്തവണ കൂടുതൽ വ്യാപകമായ സാന്നിദ്ധ്യ വിപുലീകരണത്തിന്റെ അടിസ്ഥാനത്തിൽ കമ്പനി ലക്ഷ്യമിടുന്നത് 50 കോടി രൂപയുടെ വിറ്റുവരവാണ്. 975 കോടി രൂപയുടെ വാർഷിക വരുമാനമാണ് ഇപ്പോൾ ഉള്ളത്. ഇന്ത്യയുൾപ്പെടെ 90ഓളം രാജ്യങ്ങളിൽ കമ്പനിക്ക് ഔട്ട്ലെറ്റുകളുണ്ട്. ഇത്തവണ കമ്പനിയുടെ ഏറ്റവും പ്രശസ്ത ഉൽപ്പന്ന ലൈനപ്പുകളിലൊന്നായ 'മഞ്ചാഹ' കളക്ഷനും എക്സ്ക്ലൂസീവ് ഡീലുകൾ അവതരിപ്പിച്ചിട്ടുണ്ട്. ഔട്ട്ലെറ്റുകളിൽ നിന്നും ഓൺലൈനിലും റഗ് ഉത്സവിൻറെ ഭാഗമായ സെയിൽ ഇവന്റുകളിൽ പങ്കെടുക്കാം.

## എ.എം.എസ് വിഭാഗവുമായി ഓർക്കിഡ് ഫാർമ

**തിരുവനന്തപുരം:** മരുന്നുകമ്പനിയായ ഓർക്കിഡ് ഫാർമ ആന്റിമൈക്രോബിയൽ സൊല്യൂഷൻസ് (എ.എം.എസ്) എന്ന പ്രത്യേക വിഭാഗം രൂപീകരിച്ചു.നൂതന മരുന്നുകൾ, സഹായസംവിധാനങ്ങൾ, ഡിജിറ്റൽ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്ന സമഗ്രമായ കർമ്മപദ്ധതിയാണ് കമ്പനി തയാറാക്കിയിട്ടുള്ളതെന്ന് കമ്പനിയുടെ മാനേജിങ് ഡയറക്ടർ മനീഷ് ധനുക പറഞ്ഞു.ഇതിന്റെ ഭാഗമായി അടുത്ത മൂന്ന് വർഷത്തിനുള്ളിൽ രാജ്യത്തെ മൂവായിരത്തിലേറെ ആശുപത്രികളുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് കമ്പനി മേൽനോട്ടം വഹിക്കും. ഈ വർഷം അവസാനിക്കുന്നതിനുമുമ്പ് രാജ്യത്തെ 13 പ്രധാന നഗരങ്ങളിൽ ആരോഗ്യപ്രവർത്തകർക്കായി പ്രത്യേക ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കും. ആരോഗ്യപ്രവർത്തകർ, നയരൂപീകരണത്തിൽ സുപ്രധാന പങ്കുവഹിക്കുന്നവർ, ഫാർമ വിപണിയിലെ പ്രമുഖർ എന്നിവരെ ഉൾക്കൊള്ളിച്ചുള്ള പരിപാടികളുടെ പരമ്പരയാണ് രാജ്യത്തുടനീളം സംഘടിപ്പിക്കുന്നതെന്നും മനീഷ് ധനുക പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com